VOL NO: 10 I ISSUE 16

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

2026 APRIL 18 I ₹10

ആരാധനാകർമങ്ങൾ കേവലം ആചാരങ്ങളല്ല, മറിച്ച് മനുഷ്യഹൃദയത്തെ നിർഭയമാക്കുന്ന ഔഷധമാണ്. കത്തുന്ന തീകുണ്ഡാരത്തിന് മുന്നിലും ആർത്തലക്കുന്ന കടലിന് മുന്നിലും പതറാതെ നിന്ന പ്രവാചകന്മാരുടെ കരുത്ത് ആൾക്കൂട്ടത്തിന്റെ ബഹളമല്ല, മറിച്ച് സ്രഷ്ടാവിലുള്ള പരിപൂർമായ ഭരമേൽപ്പിക്കലായിരുന്നു. വിധിയിലുള്ള വിശ്വാസം വ്യക്തിയെ എങ്ങിനെയാണ് നിർഭയമാക്കുന്നത് എന്നതിന് ചരിത്രം സാക്ഷിയാണ്.

## നിർഭയത്വം തൗഹീദിലൂടെ

മൊബൈൽ ഫോണും കുട്ടികളുടെ ഭക്ഷണശീലവും

സമസ്ത ശതാബ്ദി ആഘോഷവും പിന്തിരിപ്പൻ പ്രമേയങ്ങളും

വാക്കുകൾക്ക് മൂർച്ച കൂട്ടരുത്

മെഹബൂബ് മദനി ഒറ്റപ്പാലം • ഡോ.ഹിസാന ജഹാൻ • ഇബ്റാഹീം ഫൈസി




**നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.**

**ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.**

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

482
നേർപഥം വാരിക
2026 ഏപ്രിൽ 18
1447 ശവ്വാൽ 30
പുസ്തകം 10 / ലക്കം 16

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




കവർ സ്റ്റോറി




മെഹബൂബ് മദനി ഒറ്റപ്പാലം

ആരാധനാകർമങ്ങൾ കേവലം ആചാരങ്ങളല്ല, മറിച്ച് മനുഷ്യഹൃദയത്തെ നിർഭയമാക്കുന്ന ഔഷധമാണ്. കത്തുന്ന തീകുണ്ഡാരത്തിന് മുന്നിലും ആർത്തലക്കുന്ന കടലിന് മുന്നിലും പതറാതെ നിന്ന പ്രവാചകന്മാരുടെ കരുത്ത് ആൾക്കൂട്ടത്തിന്റെ ബഹളമല്ല, മറിച്ച് സ്രഷ്ടാവിലുള്ള പരിപൂർണമായ ഭരമേൽപ്പിക്കലായിരുന്നു. വിധിയിലുള്ള വിശ്വാസം വ്യക്തിയെ എങ്ങിനെയാണ് നിർഭയമാക്കുന്നത് എന്നതിന് ചരിത്രം സാക്ഷിയാണ്.

**05** മുഖമൊഴി
വാക്കുകൾക്ക് മൂർച്ച കൂട്ടരുത്

**06** വനിതാപഥം
ചിരി വിരിയാത്ത മുഖങ്ങൾ
ഇബ്‌റാഹീം ഫൈസി

**09** ആരോഗ്യപഥം
സംശയം തീരാത്ത കുട്ടികൾ; കുട്ടികളെ മനസ്സിലാക്കാത്ത രക്ഷിതാക്കളും
ശഹീദ

**16** ആരോഗ്യപഥം
മൊബൈൽ ഫോണും കുട്ടികളുടെ ഭക്ഷണശീലവും: തിരിച്ചറിയേണ്ട യാഥാർഥ്യങ്ങൾ
ഡോ. ഹിസാന ജഹാൻ

**18** ലേഖനം
മജൂസികളും പിശാചിന്റെ കളികളും
ശമീർ മദീനി

**20** ലേഖനം
പ്രവാചകത്വത്തിന്റെ സ്ഥിരീകരണവും സത്യവിശ്വാസത്തിന്റെ അനിവാര്യതയും
ഇഅ്ജാസ് ബിൻ ഇസ്മാഈൽ,മസ്‌കത്ത്

**23** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറതുന്നംല്
അബ്ദുർറഹ്‌മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**26** വിമർശനം
സമസ്ത ശതാബ്ദി ആഘോഷവും പിന്തിരിപ്പൻ പ്രമേയങ്ങളും
മൂസ സ്വലാഹി കാര

**29** ലേഖനം
സമയം: ഒരു അമൂല്യ സമ്പത്ത്
മുഫീദ് പാലക്കാഴി

**31** ലേഖനം
അടിയുറച്ച വിശ്വാസത്തിന്റെ ഉപമ
ഇബ്നുൽ ക്വയ്യിം
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

**34** കാഴ്ച
കിടപ്പിലായവരുടെ കഷ്ടപ്പാടറിയുക
സലാം സുറുമ എടത്തനാട്ടുകര

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പശ്ചിമേഷ്യയിലെ സമാധാന ശ്രമങ്ങൾക്ക് ഇന്ത്യ നേതൃത്വം നൽകണം: വിസ്ഡം

കോഴിക്കോട്: പശ്ചിമേഷ്യയിൽ ശാശ്വത സമാധാനം പുനഃസ്ഥാപിക്കാൻ സമാധാന ചർച്ചകൾക്ക് നേതൃത്വം നൽകാൻ ഇന്ത്യ മുന്നിട്ടിറങ്ങണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട്ട് സംഘടിപ്പിച്ച 'നേർപഥം' സംസ്ഥാന പ്രതിനിധിസംഗമം ആവശ്യപ്പെട്ടു

നിരപരാധികളും നിരായുധരുമായ മനുഷ്യർക്ക് നേരെ ഇസ്രാഈൽ നടത്തുന്ന അതിക്രമങ്ങൾ പരിഷ്കൃതസമൂഹത്തിന് യോജിച്ചതല്ല. അതിക്രമങ്ങൾക്കെതിരെ ഇന്ത്യ ശക്തമായ നിലപാട് സ്വീകരിക്കണം. പശ്ചിമേഷ്യൻ രാഷ്ട്രങ്ങളിലെ മനുഷ്യരുടെ അടിസ്ഥാന ആവശ്യങ്ങൾ പോലും നിരാകരിച്ചുകൊണ്ട് അമേരിക്കൻ പിന്തുണയോടെ ഇസ്രാഈൽ നടത്തുന്ന ഭീകരാക്രമണങ്ങളെ ലോകസമൂഹം ചെറുക്കണം

ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിലെ സാമ്പത്തികവും, സാമൂഹികവുമായ വളർച്ചയിൽ നിർണായക പങ്ക് വഹിച്ച് വരുന്ന പശ്ചിമേഷ്യൻ രാഷ്ട്രങ്ങളിലെ അസ്ഥിരത ലോകത്തിൽതന്നെ വലിയ സാമൂഹിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതിനിധി സംഗമം വിലയിരുത്തി.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ട്രഷറർ കെ. സജ്ജാദ് ആമുഖഭാഷണം നടത്തി. നേർപഥം മാനേജിംഗ് എഡിറ്റർ നാസിർ ബാലുശ്ശേരി ആധ്യക്ഷ്യം വഹിച്ച സംഗമം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പിഎൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ഉസ്മാൻ പാലക്കാഴി, മുജീബ് ഒട്ടുമ്മൽ, അനിൽ പ്രിംറോസ് വിഷയാവതരണം നടത്തി. അബ്ദുൽ ജബ്ബാർ അരക്കിണർ നന്ദി പറഞ്ഞു.

# നിർഭയത്വം തൗഹീദിലൂടെ; മുജാഹിദ് ആദർശ പ്രയാണത്തിന് തുടക്കം

കോഴിക്കോട്: 'നിർഭയത്വം തൗഹീദിലൂടെ' എന്ന പ്രമേയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന മുജാഹിദ് ആദർശ പ്രയാണത്തിന് തുടക്കമായി.

ഏകദൈവ വിശ്വാസമാണ് അഹ്‌ലുസ്സുന്നയുടെ മൗലികമായ ആദർശമെന്നത് മുസ്‌ലിം സമൂഹം ഗൗരവമായി കാണണം. ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ പ്രബോധന പ്രവർത്തനങ്ങൾക്കാണ് നാം ഊന്നൽ നൽകേണ്ടത്. സമൂഹത്തിന്റെ ആത്മീയ അന്വേഷണങ്ങളെ വഴി തിരിച്ചുവിട്ട് ചൂഷണം ചെയ്യുന്ന പൗരോഹിത്യ സമൂഹത്തെ നാം തിരിച്ചറിയണം. അഭിപ്രായവ്യത്യാസങ്ങൾ ക്വുർആനിലേക്കും പ്രവാചകചര്യയിലേക്കും മടക്കിയാൽ ആദർശ ഭിന്നതയിൽ ഐക്യം രൂപപ്പെടുത്താൻ സാധിക്കുമെന്നത് നാം കാണാതിരുന്നുകൂടാ.

ലജ്നത്തുൽ ബുഹൂസുൽ ഇസ്‌ലാമിയ്യ ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ആദർശ പ്രയാണം ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, അബ്ദുൽ മാലിക് സലഫി, ഹംസ മദീനി, അബൂബക്കർ സലഫി, ഹാരിസ്ബ്നു സലീം, നാസിർ ബാലുശ്ശേരി, ഡോ. സി.എം ഷാനവാസ്, നബീൽ രണ്ടത്താണി, അബ്ദുല്ലാ ഫാസിൽ, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് നിഷാദ് സലഫി, വിസ്ഡം സ്റ്റുഡൻസ് ജനറൽ സെക്രട്ടറി സ്വഫ്‌വാൻ ബറാമി അൽഹികമി, കെ.സജ്ജാദ് എന്നിവർ പ്രസംഗിച്ചു.

# വാക്കുകൾക്ക് മൂർച്ച കൂട്ടരുത്

അമേരിക്കൻ പ്രസിഡന്റായിരുന്ന വുഡ്രോ വിൽസനോട് ഒരാൾ ചോദിച്ചു: "പത്തു മിനിറ്റ് സംസാരിക്കുന്നതിന് വേണ്ടി താങ്കൾ എത്ര സമയം തയ്യാറെടുപ്പ് നടത്തുന്നു?"

"രണ്ടാഴ്ച" വിൽസന്റെ മറുപടി.

"ഒരു മണിക്കൂർ പ്രസംഗിക്കുന്നതിനോ?"

"ഒരാഴ്ച."

"മൂന്നുമണിക്കൂർ സംസാരിക്കുവാനോ?"

"ഞാൻ ഇപ്പോൾ തന്നെ തയ്യാറാണ്" വിൽസൻ പറഞ്ഞു.

കുറച്ച് പറയാൻ, നന്നായി പറയാൻ നല്ല തയ്യാറെടുപ്പ് വേണം. കഴമ്പില്ലാത്ത കാര്യങ്ങൾ മണിക്കൂർ കണക്കിന് പറയുവാൻ ഒരു തയ്യാറെടുപ്പിന്റെയും ആവശ്യമില്ല എന്ന് സാരം.

വാക്കുകൾ നല്ലതെങ്കിൽ അവ മാനുഷിക ബന്ധങ്ങളെ ദൃഢീകരിക്കും. മോശമെങ്കിൽ ബന്ധങ്ങളെ നശിപ്പിക്കും. നല്ല വാക്കുകൾ ഉപയോഗപ്പെടുത്തി നന്നായി സംസാരിക്കുന്നവൻ സമൂഹത്തിൽആദരണീയനായിരിക്കും. സന്ദർഭത്തിനനുസരിച്ച് വാക്കുകൾ വേണ്ടവിധം കൈകാര്യം ചെയ്യുവാൻ ശ്രദ്ധിക്കണം. സന്ദർഭവും വസ്തുതകളും മനസ്സിലാക്കി, അനുയോജ്യമായ സ്വയം നിയന്ത്രണത്തോടുകൂടി വേണം വാക്കുകൾ ഉപയോഗിക്കാൻ.


എല്ലാ കാര്യത്തിലുമെന്ന പോലെ സംസാരത്തിലും മിതത്വം പാലിക്കണം. എല്ലാവർക്കും സമയം വിലയേറിയതാണ്. അതുകൊണ്ട് കൂടുതൽ സംസാരിച്ച് വിഷമിപ്പിക്കുന്നത് ശരിയല്ല. വായിൽ തോന്നുന്നതെല്ലാം അടുക്കും ചിട്ടയുമില്ലാതെ വിളിച്ചു പറയുന്നതും ഭൂഷണമല്ല.

ഒരാളുടെ സംഭാഷണം ശ്രവിച്ചാൽ തന്നെ അവൻ അറിവുള്ളവനാണോ അല്ലേ എന്ന് അറിയാൻ സാധിക്കും. വിവരമുള്ളവർ കൂടുതൽ സംസാരിച്ചു സമയം മെനക്കെടുത്താൻ ശ്രമിക്കില്ല. 'അറിവിന്റെ ആത്മാവ് മിതത്വമാണ്' എന്ന് ഷേക്സ്പിയർ പറഞ്ഞത് വളരെ ശ്രദ്ധേയമാണ്. കൂടുതൽ പറയുന്നതിലല്ല കുറച്ച് കാര്യമാത്ര പ്രസക്തമായി പറയുന്നതാണ് അറിവിന്റെ അടയാളം.

എന്തും വിളിച്ചു പറയാൻ അറപ്പും വെറുപ്പുമില്ലാത്തവരായി മനുഷ്യർ മാറിക്കൊണ്ടിരിക്കുകയാണ്. അതിലെന്താ കുഴപ്പം എന്നാണ് അവർക്ക് ചോദിക്കാനുള്ളത്. അതാണത്രെ പുരോഗമനത്തിന്റെ അടയാളം! സമൂഹം ആദരിക്കുന്ന പല രാഷ്ട്രീയ നേതാക്കളും തങ്ങളുടെ വാക്കുകളിൽ സൂക്ഷ്മത പുലർത്താത്തത് നാം കാണുന്നു. അത് വിവാദമാകുമ്പോൾ ഞാൻ പറഞ്ഞത് മാധ്യമങ്ങൾ വളച്ചൊടിച്ചതാണ്, ഞാൻ അങ്ങനെ പറഞ്ഞിട്ടേയില്ല എന്നായിരിക്കും വിശദീകരണം. അങ്ങനെ പറഞ്ഞതിന് തെളിവുണ്ടായിട്ടും അവർ നിഷേധത്തിൽ ഉറച്ചുനിൽക്കും.

മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവങ്ങളിൽ ഒന്നാണ് നാവ്. അല്ലാഹു നൽകിയ മഹത്തായ ഒരനുഗ്രഹം. അപാരമാണ് നാവിന്റെ ശക്തി. അതിനെ സൂക്ഷിച്ചും ശ്രദ്ധിച്ചും ഉപയോഗിക്കണമെന്നാണ് ഇസ്‌ലാമിക നിർദേശം.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ്വ) പറയുന്നു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ നല്ലത് പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ."



മറ്റുള്ളവരുടെ ജീവിതത്തിൽ നാം കൊളുത്തിവെക്കുന്ന ഓരോ തിരിനാളവും പരലോകത്ത് നമ്മുടെ വഴികളെ പ്രകാശമാനമാക്കുന്ന വലിയൊരു വെളിച്ചമായി മാറുമെന്നതിൽ സംശയമില്ല. നമ്മുടെ കുടുംബങ്ങളിലും വിദ്യാലയങ്ങളിലും ജോലി സ്ഥലങ്ങളിലും സ്നേഹത്തിന്റെ ഒരു പുഞ്ചിരി കരുതി വെക്കാം.

# ചിരി വിരിയാത്ത മുഖങ്ങൾ

## ഇബ്റാഹീം ഫൈസി

മനുഷ്യന്റെ പ്രകൃതിദത്തമായ വികാരങ്ങളിൽ ഏറ്റവും മനോഹരമായ ഒന്നാണ് ചിരി. സൃഷ്ടിപ്പിൽ തന്നെ അല്ലാഹു മനുഷ്യന് നൽകിയ സവിശേഷമായ ഒരു അനുഗ്രഹമാണിത്. ‘അവൻ ചിരിപ്പിക്കുകയും കരയിപ്പിക്കുകയും ചെയ്തു’ എന്ന് വിശുദ്ധ ഖുർആൻ (അന്നജ്മ്: 43) പ്രഖ്യാപിക്കുമ്പോൾ, ആനന്ദവും സങ്കടവും മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ജീവിതത്തിന്റെ അവിഭാജ്യ ഘടകങ്ങളാണെന്ന് വ്യക്തമാകുന്നു.

മുഹമ്മദ് നബി(സ്വ) എപ്പോഴും പ്രസന്നവദനനായിരുന്നുവെന്ന് സ്വഹാബികൾ വിവരിച്ചുതരുന്നുണ്ട്: “നബി(സ്വ) യെക്കാൾ കൂടുതൽ പുഞ്ചിരിക്കുന്ന ഒരാളെയും ഞാൻ കണ്ടിട്ടില്ല”(തിർമിദി).

**പ്രതിസന്ധികൾക്ക് മുന്നിൽ പതറാതെ ചിരിക്കാൻ കഴിയുക എന്നത് ഒരു മനക്കരുത്താണ്. ലോകം നമ്മുടെ മുഖത്തുനിന്ന് ചിരി മായ്ക്കാൻ ശ്രമിക്കുമ്പോൾ, മുഖത്ത് ഒരു പുഞ്ചിരി വിടർത്തുന്നത് അന്യായങ്ങൾക്കും അനീതികൾക്കുമെതിരെ നാം ഉയർത്തുന്ന ഒരു ചെറുത്തുനിൽപ്പാണ്.**

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം പുഞ്ചിരി എന്നത് വെറുമൊരു മുഖഭാവമല്ല, മറിച്ച് അല്ലാഹുവിന്റെ പ്രതിഫലം വാഗ്ദാനം ചെയ്യപ്പെട്ട ഒരു ആരാധന കൂടിയാണ്.

ചിരി ജീവിതത്തോടുള്ള പോസിറ്റീവായ സമീപനമാണ്. അധികാരത്തിലിരിക്കുന്നവർ, മാതാപിതാക്കൾ, അധ്യാപകർ തുടങ്ങിയവരൊക്കെ തങ്ങളുടെ ഗൗരവം കാത്തുസൂക്ഷിക്കാൻ മുഖം കടുപ്പിക്കുമ്പോൾ, അവർ അറിഞ്ഞോ അറിയാതെയോ തങ്ങൾക്ക് ചുറ്റുമുള്ളവരിൽനിന്ന് അകലുകയാണ് ചെയ്യുന്നത്. ഒരു പിതാവിനോ അധ്യാപകനോ അവരുടെ പ്രസന്നമായ മുഖംകൊണ്ട് നേടാൻ കഴിയുന്നത്ര ആദരവ്, ഒരിക്കലും കടുപ്പമുള്ള ഭാവം കൊണ്ട് നേടിയെടുക്കാൻ കഴിയില്ല. ചിരി എന്നത് ഒരാളുടെ വ്യക്തിത്വത്തിന്റെ ദൗർബല്യമല്ല, മറിച്ച് അത് ഉന്നതമായ സംസ്കാരത്തിന്റെ ലക്ഷണമാണ്.

പക്ഷേ, ആധുനിക ജീവിതത്തിന്റെ കലുഷിതമായ വഴികളിലൂടെ നടക്കുമ്പോൾ, പലർക്കും തങ്ങളുടെ മുഖത്തെ ഈ മനോഹരമായ ആഭരണം എവിടെയോ നഷ്ടപ്പെട്ടുപോകുന്നുണ്ട്. നമ്മുടെ സാമൂഹിക ഇടങ്ങളിൽ ചിരി അപ്രത്യക്ഷമാകുന്നതിന്റെ ആഘാതം വളരെ വലുതാണ്.

ഒരു പുഞ്ചിരി എന്നത് ചുണ്ടുകളിൽ വിരിയുന്ന വെറുമൊരു വക്രരേഖയല്ല; അത് മനസ്സിന്റെ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും അടയാളമാണ്. എന്നാൽ, നമ്മുടെ ചുറ്റും ഒന്ന് കണ്ണോടിച്ചാൽ, തിരക്കുപിടിച്ച തെരുവുകളിലും നമ്മുടെ അയൽപക്കങ്ങളിലും ചിരിക്കാൻ മറന്നുപോയ അനേകം മുഖങ്ങളെ കാണാം. ജീവിതത്തിന്റെ കയ്പേറിയ അനുഭവങ്ങൾ, സാമ്പത്തിക പ്രതിസന്ധികൾ, തീരാദുരിതങ്ങൾ... ഇതെല്ലാം ചേർന്ന് ചില മനുഷ്യരുടെ മുഖത്ത് കടുത്ത ഗൗരവത്തിന്റെയും നിസ്സംഗതയുടെയും വലിയൊരു കവചം തീർത്തിരിക്കുന്നു. പ്രസന്നമായ മുഖത്തോടെ അവരോട് മാന്യമായി പെരുമാറുന്നതും അവരുടെ മനസ്സ് നിറയുന്ന രീതിയിൽ സംസാരിക്കുന്നതും പുണ്യകരമാണ്.

ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം, തന്റെ സഹോദരനോട് കാണിക്കുന്ന പരിഗണനയും മുഖപ്രസന്നതയുമെല്ലാം അല്ലാഹുവിങ്കൽ പ്രതിഫലാർഹമായ ഒരു ആരാധന കൂടിയാണ്.

വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത് സഹാനുഭൂതി വലിയ പുണ്യമാണെന്നാണ്. അല്ലാഹു പറയുന്നു: "കൊടുത്തതിനെത്തുടർന്ന് മനഃക്ലേശം വരുത്തുന്ന ദാനധർമത്തെക്കാൾ ഉത്തമമായിട്ടുള്ളത് നല്ല വാക്കും വിട്ടുവീഴ്ചയുമാകുന്നു..." (സൂറത്തുൽ ബഖറ: 263)

ചിലപ്പോളെങ്കിലും പണം നൽകുന്നതിനേക്കാൾ വലിയ ധർമ്മം ഒരാളെ ആശ്വസിപ്പിക്കുക എന്നതാണെന്ന് ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

തന്റെ സഹോദരന്റെ മുഖത്തു നോക്കി പുഞ്ചിരിക്കുന്നതുപോലും ദൈവപ്രീതി ലഭിക്കുന്ന ദാനധർമമാണ് എന്നാണ് പ്രവാചകാധ്യാപനം. ചിരി മറന്നവന്റെ മുഖത്ത് ഒരു പുഞ്ചിരി

വിടർത്താൻ ശ്രമിക്കുമ്പോൾ, അത് ഒരു വലിയ പുണ്യകർമം കൂടിയായി മാറുന്നു. ആത്മാർഥമായ ഒരു പുഞ്ചിരിയിലൂടെ നമുക്ക് മറ്റൊരാളുടെ മനസ്സിന് ഒരു നിമിഷനേരത്തേക്കെങ്കിലും സാന്ത്വനം നൽകാൻ കഴിയില്ലേ?

ചിരിക്ക് അതിരുകളുണ്ടെങ്കിലും, മാന്യമായ നർമങ്ങളെ ഇസ്‌ലാം വിലക്കുന്നില്ല. നബി(സ്വ) സ്വഹാബികളോട് നർമഭാഷണത്തിൽ പങ്കുചേർന്നിരുന്നു. ഒരിക്കൽ ഒരു വൃദ്ധയായ സ്ത്രീ നബി(സ്വ) യോട് തനിക്ക് സ്വർഗത്തിൽ പ്രവേശനമുണ്ടോ എന്ന് ചോദിച്ചപ്പോൾ, 'വൃദ്ധരായ സ്ത്രീകൾ സ്വർഗത്തിൽ പ്രവേശിക്കില്ല' എന്ന് നബി(സ്വ) തമാശരൂപേണ പറയുകയുണ്ടായി. ആ സ്ത്രീ സങ്കടപ്പെട്ടപ്പോൾ, 'അവർ യുവതികളായിട്ടാണ് സ്വർഗത്തിൽ പ്രവേശിക്കുക' എന്ന് അവിടുന്ന് വിശദീകരിച്ചുകൊടുത്തു. ഈ സംഭവം അറിയിക്കുന്നത്, നിർദോഷമായ നർമം തെറ്റല്ല എന്നാണ്.

പ്രതിസന്ധികൾക്ക് മുന്നിൽ പതറാതെ ചിരിക്കാൻ കഴിയുക എന്നത് ഒരു മനക്കരുത്താണ്. ലോകം നമ്മുടെ മുഖത്തുനിന്ന് ചിരി മായ്ക്കാൻ ശ്രമിക്കുമ്പോൾ, മുഖത്ത് ഒരു പുഞ്ചിരി വിടർത്തുന്നത് അ ന്യായങ്ങൾക്കും അനീതികൾക്കുമെതിരെ നാം ഉയർത്തുന്ന ഒരു ചെറുത്തുനിൽപ്പാണ്. ക്ഷമയോടെയുള്ള ആ ചിരി, നമ്മുടെ ഹൃദയത്തെ വല്ലാത്തൊരു കരുത്തുകൊണ്ട് നിറയ്ക്കും. 'എന്തുവന്നാലും തളരില്ല' എന്ന മനോഭാവത്തിന്റെ തെളിവാണ് ആ സമയത്തുള്ള മുഖത്തെ പുഞ്ചിരി.

അല്ലാഹു പറയുന്നു: "എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കുക. അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക. കുടുംബ ബന്ധമുള്ള അനാഥയ്ക്ക്, അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന്" (ക്വുർആൻ 90: 11-16).

ഇത്തരം പ്രവൃത്തികൾ വഴി നമ്മൾ ചെയ്യുന്നത് മറ്റൊരാളുടെ ജീവിതത്തിലെ ഇരുട്ടകറ്റി അവരുടെ മുഖത്ത് പുഞ്ചിരി കൊണ്ടുവരിക എന്നതാണ്.

നാം കാരണം ഒരു മനുഷ്യനെങ്കിലും ഒന്ന് പുഞ്ചിരിച്ചിട്ടുണ്ടോ, ഒരാളുടെ കണ്ണീരെങ്കിലും തുടയ്ക്കപ്പെട്ടിട്ടുണ്ടോ എന്ന് സ്വയം ചോദിക്കുക. ഉപകാരം ചെയ്യുക എന്നാൽ വലിയ സാമ്പത്തിക സഹായം നൽകൽ മാത്രമല്ല; സ്നേഹം നിറഞ്ഞ ഒരു വാക്ക് പറയുന്നതും ഇരുട്ടിൽ നിൽക്കുന്നവന് ചെറിയൊരു വെളിച്ചം കാണിച്ചു കൊടുക്കുന്നതും വഴിയിലെ ഒരു തടസ്സം നീക്കുന്നതുമെല്ലാം വലിയ ഉപകാരങ്ങളാണ്.

ഇരുണ്ട മുഖങ്ങളിൽ സന്തോഷം വിടർത്താൻ നമുക്ക് വലിയ സമ്പത്തിന്റെ ആവശ്യമില്ല. പ്രയാസ മനുഭവിക്കുന്നവനെ ഒന്ന് ചേർത്തുപിടിക്കാൻ കഴിയുക, മറ്റുള്ളവരുടെ സങ്കടങ്ങൾ കേൾക്കാൻ ഒന്ന് ഇരുന്നു കൊടുക്കുക, നമ്മുടെ വാക്കുകൾ കൊണ്ട് ആരുടെയും ഹൃദയത്തെ മുറിപ്പെടുത്താതിരിക്കുക. ഇതിലൂടെയൊക്കെ മറ്റുള്ളവർക്ക് ആശ്വാസമാകാൻ നമുക്ക് സാധിക്കും. സ്വന്തം കാര്യം മാത്രം നോക്കി ജീവിക്കുന്ന സ്വാർഥതയുടെ ലോകത്തുനിന്ന്, അപരനുവേണ്ടി ജീവിക്കുന്ന വിശാലതയിലേക്ക് നാം വളരണം. മറ്റുള്ളവരുടെ ജീവിതത്തിൽ നാം കൊളുത്തിവെക്കുന്ന ഓരോ തിരിനാളവും പരലോകത്ത് നമ്മുടെ വഴികളെ പ്രകാശമാനമാക്കുന്ന വലിയൊരു വെളിച്ചമായി മാറുമെന്നതിൽ സംശയമില്ല. നമ്മുടെ കുടുംബങ്ങളിലും വിദ്യാലയങ്ങളിലും ജോലിസ്ഥലങ്ങളിലും സ്നേഹ ത്തിന്റെ ഒരു പുഞ്ചിരി കരുതി വെക്കാം. ■



# സംശയം തീരാത്ത കുട്ടികൾ; കുട്ടികളെ മനസ്സിലാക്കാത്ത രക്ഷിതാക്കളും

**ശഹീദ**

കുട്ടികൾ നിഷ്കളങ്ക ഹൃദയരാണ്. അവരുടെ നിഷ്കളങ്കമായ ചോദ്യങ്ങൾ പലപ്പോഴും മാതാപിതാക്കളെ പ്രതിസന്ധിയിലാക്കാറുണ്ട്. പ്രത്യേകിച്ചും അവരുടെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകാൻ അവർക്ക് കഴിയാതെ വരുമ്പോൾ. ചോദ്യങ്ങൾ ചോദിക്കുന്ന സ്വഭാവം കുട്ടികളിൽ ഒരു വയസ്സു മുതൽ തന്നെ കണ്ടുതുടങ്ങും. അത് ഏറ്റവും കൂടുതൽ കാണുന്നത് നാലു വയസ്സാകുമ്പോഴാണ്. സാധാരണ ഗതിയിൽ ഒരു കുട്ടി 95-100 ചോദ്യങ്ങൾ വരെ ഒരു ദിവസത്തിൽ ചോദിക്കാം. അതിൽ പകുതിയിൽ കൂടുതൽ ചോദ്യങ്ങൾക്കും അവർക്ക് ഉത്തരം ലഭിക്കാറില്ല. കാരണം മുതിർന്നവർ അവരുടെ എല്ലാ ചോദ്യങ്ങളോടും പ്രതികരിക്കാറില്ല എന്നതു തന്നെ. പിന്നീട് സാവകാശം അവരിലെ ജിജ്ഞാസ കുറയുകയും ചോദ്യങ്ങൾ ചോദിക്കാനുള്ള താൽപര്യം കുറഞ്ഞുവരികയും ചെയ്യുന്നു.

ഒരു കുട്ടി അവന്റെ/അവളുടെ ബൗദ്ധികവികാസത്തിലൂടെ നിരന്തരം കടന്നുപോകുകയാണ്. ഈ വികാസം സാധ്യമാകുന്നത് ചുറ്റുപാടുകളുമായി സമ്പർക്കമുണ്ടാകുന്നതിലൂടെയും അറിയുന്നതിലൂടെയുമാണ്. കണ്ടും കേട്ടും തൊട്ടും അനുഭവിച്ചും ചുറ്റുപാടുകളെ മനസ്സിലാക്കുന്നതിലൂടെ കുട്ടിയുടെ ബുദ്ധിപരമായ വികാസം ദ്രുതഗതിയിൽ നടക്കുന്നുണ്ട്. അപ്പോൾ കൂടുതൽ കൂടുതൽ തന്റെ ചുറ്റുപാടിൽ ഉള്ളതിനെ മനസ്സിലാക്കാനുള്ള ത്വരയാണ് സംശയങ്ങളുടെയും ചോദ്യങ്ങളുടെയും രൂപത്തിൽ കുട്ടികൾ പ്രകടിപ്പിക്കുന്നത്.

ഇതിനൊക്കെ പുറമെ താൻ ശ്രദ്ധിക്കപ്പെടുന്നുണ്ട്, മാതാപിതാക്കളുടെ മുമ്പിൽ വേണ്ടത്ര ശ്രദ്ധ കിട്ടുന്നുണ്ട് എന്ന തോന്നൽ സൃഷ്ടിക്കാനും കുട്ടികൾ പലപ്പോഴും സംശയങ്ങൾ ഉന്നയിക്കാറുണ്ട്. കുടുംബ സദസ്സുകളിൽ ഒരു ശ്രദ്ധാകേന്ദ്രം ആകുന്നതിനും സംശയങ്ങൾ ചോദിക്കുന്ന കുട്ടികളുണ്ട്. അതിലൂടെ താൻ എല്ലാവരാലും സ്നേഹിക്കപ്പെടുകയും ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നുണ്ട് എന്ന തോന്നൽ അവരിൽ ഉണ്ടാകുന്നു.

### എങ്ങനെ പ്രോൽസാഹിപ്പിക്കാം?

- ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലൂടെ തന്നെ അലട്ടുന്ന ചോദ്യങ്ങളിൽ നിന്ന് കുട്ടിയെ വഴിതിരിച്ചു വിടാം.
- ചെറിയ ചെറിയ ചോദ്യങ്ങൾ ചോദിച്ച് കുട്ടിയുടെ ചിന്താശക്തിയെ ഉത്തേജിപ്പിക്കുക.
- കുട്ടികളുടെ സംശയങ്ങൾ ക്ഷമയോടെ കേൾക്കുക. അവർക്ക് മനസ്സിലാകുന്ന രൂപത്തിൽ ഉത്തരം നൽകുക.
- 'വൃത്തികെട്ട ചോദ്യം' എന്നു പറഞ്ഞ് കുട്ടിയെ കളിയാക്കാതിരിക്കുക
- കുട്ടിയുടെ നിഷ്കളങ്കമായ ചോദ്യങ്ങൾ മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിച്ച് കുട്ടിയെ പരിഹാസ്യപാത്രമാക്കാതിരിക്കുക.

### നാം തിരിച്ചറിയേണ്ടത്

മനുഷ്യന്റെ എല്ലാ ചിന്തകൾക്കും കണ്ടുപിടുത്തങ്ങൾക്കും ആധാരം മനസ്സിൽ ഉരുത്തിരിയുന്ന ചോദ്യങ്ങളാണ്. അവയാണ് പുതിയ കണ്ടെത്തലുകളിലേക്കും ഉത്തരങ്ങളിലേക്കും നയിക്കുന്നത്.

കുട്ടികൾ ധാരാളം സംശയങ്ങളും ചോദ്യങ്ങളും ചോദിക്കട്ടെ. ഉത്തരം നമുക്കറിയില്ലെങ്കിലും അവരെ തളർത്താതിരിക്കാൻ ശ്രദ്ധിക്കുക. അങ്ങനെ അവർ കണ്ണും കാതും തുറന്നിരിക്കുന്ന ചിന്താശക്തിയുള്ള വ്യക്തികളായി വളരട്ടെ. ■



# നിർഭയത്വം തൗഹീദിലൂടെ

മെഹബൂബ് മദനി ഒറ്റപ്പാലം
: 7736398840

**ആരാധനാകർമങ്ങൾ കേവലം ആചാരങ്ങളല്ല, മറിച്ച് മനുഷ്യഹൃദയത്തെ നിർഭയമാക്കുന്ന ഔഷധമാണ്. കത്തുന്ന തീകുണ്ഡാരത്തിന് മുന്നിലും ആർത്തലക്കുന്ന കടലിന് മുന്നിലും പതറാതെ നിന്ന പ്രവാചകന്മാരുടെ കരുത്ത് ആൾക്കൂട്ടത്തിന്റെ ബഹളമല്ല, മറിച്ച് സ്രഷ്ടാവിലുള്ള പരിപൂർമായ ഭരമേൽപ്പിക്കലായിരുന്നു. വിധിയിലുള്ള വിശ്വാസം വ്യക്തിയെ എങ്ങിനെയാണ് നിർഭയമാക്കുന്നത് എന്നതിന് ചരിത്രം സാക്ഷിയാണ്.**

‘എന്തുണ്ടായിട്ടെന്താണ്? മനസ്സിന് ഒരു സമാധാനവുമില്ല’-പലരുടെയും നിരന്തര പരിഭവമാണിത്. തനിക്ക് ചുറ്റുമുള്ള പലതരം ഭയങ്ങളെ നേരിടുന്ന ഓരോ മനുഷ്യന്റെ ഹൃദയവും നിർഭയത്വം നിറഞ്ഞ, സമാധാനപരമായ ഒരു സാഹചര്യത്തെ അന്വേഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. അംബരചുംബികളായ കൊട്ടാരങ്ങളിൽ താമസിക്കുന്നവരാണെങ്കിൽ പോലും താൻ എപ്പോഴും അക്രമിക്കപ്പെടാം, തന്റെ കൊട്ടാരവും സംവിധാനങ്ങളും ബോംബുകളോ മിസൈലുകളോ ഉപയോഗിച്ച് തകർക്കപ്പെടാം എന്ന സാഹചര്യം ഉണ്ടെങ്കിൽ അവർക്ക് പട്ടുമെത്തയുള്ള കിടപ്പുമുറികൾ സമാധാനം നൽകില്ല. സാമ്പത്തിക രംഗത്തെ പരാജയങ്ങളും ഭയാശങ്കകളും പലരുടെയും വലിയ പേടിയാണ്. യുദ്ധം നീണ്ടുപോയാൽ,

ജോലി ചെയ്യുന്ന കമ്പനി പൂട്ടിപ്പോയാൽ, ഒന്നും നേടാത്ത അവസ്ഥയിൽ പ്രവാസം വെടിഞ്ഞ് നാട്ടിലേക്ക് തിരിച്ചു പോകേണ്ടി വന്നാൽ... ഉള്ളിൽ ഇത്തരം ഭയവുമായി കഴിഞ്ഞുകൂടുന്നവർ എത്രയാണ്! കുടുംബങ്ങളിലെ അസ്വാരസ്യങ്ങളും ധാരാളം മനുഷ്യരുടെ മനസ്സുകളിലെ മായാത്ത നൊമ്പരങ്ങളാണ്. തന്റെ ചോരയിൽ പിറന്ന മക്കൾ സോഷ്യൽ മീഡിയയുടെ ചതിക്കുഴികളിലോ ലഹരിയുടെ കെണിയിലോ അകപ്പെടുമോ എന്ന ഭയത്താൽ ഓരോ ദിവസവും ഹൃദയവേദനയോടെ കഴിച്ചുകൂട്ടുന്ന മാതാപിതാക്കളും ആധുനിക കാലത്ത് ഏറെയാണ്.

ഒരിക്കലും തന്നെ ചതിക്കില്ലെന്ന് ഉറച്ചുവിശ്വസിക്കുന്ന ഇണയുടെ വഴിവിട്ട ബന്ധങ്ങളാണ് മറ്റു പലരെയും അസ്വസ്ഥരാക്കുന്നത്. തനിക്ക് പിടിപെട്ട രോഗം ഇനി മാറില്ലേ? എത്ര ഹോസ്പിറ്റലുകളായി കയറിയിറങ്ങുന്നു, ഡോക്ടർമാരെ മാറിമാറി കാണുന്നു, മരുന്നുകൾ പലതും കഴിച്ചുകൊണ്ടിരിക്കുന്നു. ഇനി എനിക്ക് മുമ്പിൽ എന്തു മാർഗമാണുള്ളത്? ഈ പരീക്ഷണത്തിൽനിന്ന് ഒരു മോചനമുണ്ടാകില്ലേ? ഇങ്ങനെ തന്റെ രോഗാവസ്ഥയുടെ ഭയത്താൽ ഉറക്കം കിട്ടാത്ത രോഗികൾ എത്രയോ നമുക്ക് ചുറ്റിലുമുണ്ട്. പെട്ടെന്ന് പിടിപെടുന്ന പരീക്ഷണങ്ങളും അപകടങ്ങളും മനുഷ്യമനസ്സുകളെ വലിയ പേടിപ്പെടുത്തുന്ന ചിന്തകളിലേക്ക് കൊണ്ടുപോകാറുണ്ട്.

തന്റെ രാജ്യത്തിന്റെ ഭാവി എന്താകും എന്നാലോചിച്ച് ഉറക്കം കിട്ടാത്തവരുണ്ട്. നൂറ്റാണ്ടുകളായി തന്റെ പൂർവികരും പതിറ്റാണ്ടുകളായി തങ്ങളും ജീവിച്ചുകൊണ്ടിരിക്കുന്ന ഈ മണ്ണിൽ തന്റെ പൗരത്വം ചോദ്യം ചെയ്യപ്പെടുകയാണോ? വർഗീയ ഫാസിസ്റ്റുകളുടെ ഭരണകൂട ഭീകരതക്ക് താനും കുടുംബവും ഇരയാകുമോ? ഇത്തരം ഭീതിയോടെ കഴിയുന്നവരുമുണ്ട്.

ഇത്തരുണത്തിൽ, നാം അനുഭവിക്കുന്ന വിഷമസന്ധികൾ എന്തുതന്നെയായാലും ശരി, അവയോട് പൊരുതി ജീവിക്കുന്നതിനിടയിലും നമുക്ക് ശാശ്വത നിർഭയത്വവും സമാധാനവും പകർന്നുനൽകുന്ന എന്തെങ്കിലുമുണ്ടോ? തീർച്ചയായും ഉണ്ട്! തന്നെയും അതിവിശാലമായ ഈ പ്രപഞ്ചത്തെയും സൃഷ്ടിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്ന ഏകനും സർവശക്തനും അങ്ങേയറ്റം കരുണാവാരിധിയുമായ ഏക സ്രഷ്ടാവിനെ (അല്ലാഹുവിനെ) അടുത്തറിഞ്ഞ് അവനു മാത്രം ആരാധനകളർപ്പിച്ച്, അവനോട് മാത്രം വിളിച്ചു പ്രാർഥിച്ച്, എല്ലാം അവനിൽ ഭരമേൽപിച്ച് ജീവിക്കുമ്പോഴാണ്, അഥവാ തൗഹീദുൾക്കൊണ്ട് മുന്നോട്ട് പോകുമ്പോഴാണ് മനുഷ്യർക്ക് യഥാർഥ നിർഭയത്വം അനുഭവിക്കാനാവുക.

ഏറ്റവും വലിയ പ്രതിസന്ധിയായി കാണുന്ന മരണത്തെപോലും പേടിയില്ലാതെ നേരിടാൻ മാത്രം കരുത്തുറ്റ ശക്തനായി മനുഷ്യനെ മാറ്റാൻ തൗഹീദിന് സാധിക്കും. കറകളഞ്ഞ, കലർപ്പില്ലാത്ത തൗഹീദ് ഉൾക്കൊള്ളുന്നവൻ ഇഹലോകത്ത് മാത്രമല്ല, പരലോകത്തും അഥവാ മരണാനന്തര ജീവിതത്തിലും നിർഭയനായിരിക്കും. ഈ വിശ്വാസം മനുഷ്യരെ ശാശ്വത സമാധാനത്തിന്റെ ലോകമായ സ്വർഗത്തിലേക്ക് എത്തിക്കും.

എത്ര ശക്തമായ ജീവിത പ്രതിസന്ധികളെയും കരുത്തുറ്റ മനസ്സുമായി നേരിടുവാൻ തൗഹീദ് ഉൾക്കൊണ്ട മനുഷ്യന് കഴിയും. തന്റെ ജീവിതത്തിന്റെ നിയന്ത്രണം മുഴുവൻ ഈ ലോകത്തെ സൃഷ്ടിച്ചു പരിപാലിക്കുന്ന റബ്ബിലാണ് എന്ന് വിശ്വസിക്കുന്നവന് എന്താണ് പേടിക്കുവാനുള്ളത്? തൗഹീദ് ഉൾക്കൊണ്ട മനുഷ്യന് അനുഭവിക്കാനാകുന്ന മനസ്സമാധാനം വാക്കുകൾകൊണ്ട് പറഞ്ഞറിയിക്കുവാനോ തൂലികകൊണ്ട് വർണിക്കുവാനോ കഴിയാവുന്നതിലും എത്രയോ അപ്പുറമാണ്.

കത്തിജ്ജ്വലിക്കുന്ന അഗ്നിക്കു മുമ്പിൽ ഇബ്റാഹീം നബി(അ)യെ നിർഭയനാക്കിയതും, നിറഞ്ഞുനിൽക്കുന്ന സമുദ്രത്തിനു മുമ്പിൽ അകപ്പെട്ടപ്പോൾ മൂസാ നബി(അ)ക്ക് ധൈര്യം പകർന്നതും, തന്നെ കൊല്ലുവാൻ വാളോങ്ങി നിൽക്കുന്ന ശത്രുവിനോട് സധൈര്യം എന്നെ റബ്ബ് രക്ഷിക്കുമെന്ന് പറയാൻ മുഹമ്മദ് നബി(സ്വ)യെ പ്രാപ്തനാക്കിയതും തൗഹീദായിരുന്നു.

**ഏറ്റവും വലിയ പ്രതിസന്ധിയായി കാണുന്ന മരണത്തെ പോലും പേടിയില്ലാതെ നേരിടാൻ മാത്രം കരുത്തുറ്റ ശക്തനായി മനുഷ്യനെ മാറ്റാൻ തൗഹീദിന് സാധിക്കും. കറകളഞ്ഞ, കലർപ്പില്ലാത്ത തൗഹീദ് ഉൾക്കൊള്ളുന്നവൻ ഇഹലോകത്ത് മാത്രമല്ല, പരലോകത്തും അഥവാ മരണാനന്തര ജീവിതത്തിലും നിർഭയനായിരിക്കും. ഈ വിശ്വാസം മനുഷ്യരെ ശാശ്വത സമാധാനത്തിന്റെ ലോകമായ സ്വർഗത്തിലേക്ക് എത്തിക്കും.**

രൂപത്തിനോ വരച്ച ചിത്രത്തിനോ തങ്ങളുടെ ഒരായിരം ജീവിത പ്രതിസന്ധികളെ ശരിയാക്കിത്തരാനാകുമോ എന്ന ആശങ്ക അവരെ അലട്ടിക്കൊണ്ടിരിക്കും. ഒരു ദൈവത്തിന് ഇഷ്ടമുള്ളത് മറ്റൊരാൾക്ക് തൃപ്തമാവില്ലെന്ന് ധരിക്കുന്നവർ എല്ലാവരെയും പ്രീതിപ്പെടുത്താൻ പണിപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ ഏകദൈവത്തെ മാത്രം വിളിച്ചു പ്രാർഥിക്കുക യും ആരാധിക്കുകയും ചെയ്യുന്ന മനുഷ്യന്റെ മനസ്സ് ഏകാഗ്രമാണ്.

അവൻ തന്റെ ആരാധനാകർമങ്ങളിൽ ആത്മനിർവൃതി കണ്ടെത്തുന്നവനായിരിക്കും. മഹാനായ യൂസുഫ് നബി(അ) ഈ യാഥാർഥ്യത്തെ ജയിലിലെ സുഹൃത്തുക്കൾക്ക് വിവരിച്ചുകൊടുത്ത രംഗം ക്വുർആനിലൂടെ അല്ലാഹു മനോഹരമായി പറഞ്ഞുതരുന്നത് ഇപ്രകാരമാണ്:

"ജയിലിലെ രണ്ട് സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല ഏകനും സർവാധികാരിയുമായ അല്ലാഹുവാണോ?" (12:39).

മനുഷ്യ സൃഷ്ടിപ്പിന്റെ അടിസ്ഥാന ലക്ഷ്യമായി അല്ലാഹു വ്യക്തമാക്കുന്നത് തൗഹീദിന്റെ സാക്ഷാത്ക്കാരമാണ്:

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽനിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും" (51:56-58).

### പ്രവാചകൻമാരും തൗഹീദും

ശാശ്വത നിർഭയത്വത്തിന്റെ അടിസ്ഥാനായ തൗഹീദിലേക്കാണ് മുഴുവൻ നബിമാരും ആദ്യമായി ജനങ്ങളെ ക്ഷണിച്ചത്:

### തൗഹീദും നിർഭയത്വവും

ശരിയാംവിധം തൗഹീദ് ഉൾക്കൊള്ളുന്നതിലൂടെ മാത്രമാണ് ഒരാൾക്ക് ശാശ്വത നിർഭയത്വം ആസ്വദിക്കാൻ കഴിയുക എന്ന യാഥാർഥ്യം വിശുദ്ധ ക്വുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്:


"വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ അവർക്കാണ് നിർഭയത്വമുള്ളത്..."(6:82).

സത്യവിശ്വാസത്തിൽ അധിഷ്ഠിതമല്ലാത്ത മനുഷ്യന്റെ അന്ധവിശ്വാസങ്ങൾക്കോ തദടിസ്ഥാനത്തിലുള്ള ധ്യാനങ്ങൾക്കോ, യോഗാസനങ്ങൾക്കോ ഒന്നും ശാശ്വത നിർഭയത്വം നേടിത്തരാനാവില്ല. മേൽ ഉദ്ധരിച്ച ക്വുർആൻ വചനത്തിലെ 'അംന്' എന്നത് കൊണ്ടുള്ള വിവക്ഷ ഇഹലോകത്തിലെ മനസ്സമാധാനവും പരലോകത്തെ ശിക്ഷയിൽനിന്നുള്ള മോചനവുമാണ്. ദൈവനിഷേധവും ബഹുദൈവാരാധനയും ഒരിക്കലും മനുഷ്യന് നിർഭയത്വം നേടിത്തരുന്നതല്ലെന്നു മാത്രമല്ല അതവനെ മരണാനന്തര ജീവിതത്തിൽ ദൈവികശിക്ഷയുടെ ലോകമായ നരകത്തിന് അർഹനാക്കിത്തീർക്കുകയും ചെയ്യും. അല്ലാഹുവിൽ പങ്കുചേർക്കാത്ത ഹൃദയത്തിൽ മാത്രമാണ് അല്ലാഹു ശാന്തിയും സമാധാനവും നൽകുക. സൃഷ്ടിപൂജകർ മാനസികമായി എന്നും വലിയ ആശങ്കയിലായിരിക്കും. ഇല്ലാത്ത പലതിനെയും ദൈവമായി സങ്കൽപിച്ച് യാതൊരടിസ്ഥാന പ്രമാണവുമില്ലാതെ ചില കർമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവർക്കെങ്ങനെ ആത്മസംതൃപ്തി കിട്ടും? താൻ തന്നെയോ ആരെങ്കിലുമോ നിർമിച്ച

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21:25).

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി). എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചു തള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക" (16:36).

'മനുഷ്യരേ' എന്ന് അഭിസംബോധന ചെയ്തുള്ള ക്വുർആനിലെ ആദ്യ കൽപനയും തൗഹീദിലേക്കുള്ള ക്ഷണമാണ്: "മനുഷ്യരേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്" (2:21, 22).



ഓരോ പ്രവാചകനെയും പ്രത്യേകം എടുത്തുപറഞ്ഞ് അവർ തൗഹീദിന് പ്രാമുഖ്യം നൽകിയവരാണെന്ന് അല്ലാഹു ക്വുർആനിൽ ആവർത്തിച്ചു പറഞ്ഞുതരുന്നതിൽനിന്ന് നമുക്കിതിന്റെ പ്രാധാന്യം വ്യക്തമാണ്.

### നൂഹ്(അ)

"നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു" (7:59).

### ഹൂദ്(അ)

"ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (അയച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല. നിങ്ങളെന്താണ് സൂക്ഷ്മത പുലർത്താത്തത്?"(7:65).

### സ്വാലിഹ്(അ)

"സമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നു വ്യക്തമായ ഒരു തെളിവ് നിങ്ങൾക്കു വന്നിട്ടുണ്ട്; നിങ്ങൾക്കൊരു ദൃഷ്ടാന്തമായിട്ട്. അല്ലാഹുവിന്റെ ഒട്ടകമാണിത്. ആകയാൽ അല്ലാ

ഹുവിന്റെ ഭൂമിയിൽ (നടന്നു) തിന്നുവാൻ നിങ്ങൾ അതിനെ വിട്ടേക്കുക. നിങ്ങളതിന് ഒരു ഉപദ്രവവും ചെയ്യരുത്. എങ്കിൽ വേദനയേറിയ ശിക്ഷ നിങ്ങളെ പിടികൂടും" (7:73).

**ശുഐബ്(അ)**

"മദ്‌യൻകാരിലേക്ക് അവരുടെ സഹോദരനായ ശുഐബിനെയും (നാം നിയോഗിക്കുകയുണ്ടായി). അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അളവിലും തൂക്കത്തിലും നിങ്ങൾ കുറവ് വരുത്തരുത്. തീർച്ചയായും നിങ്ങളെ ഞാൻ കാണുന്നത് ക്ഷേമത്തിലായിട്ടാണ്. നിങ്ങളെ ആകെ വലയംചെയ്യുന്ന ഒരു ദിവസത്തെ ശിക്ഷ നിങ്ങളുടെ മേൽ തീർച്ചയായും ഞാൻ ഭയപ്പെടുന്നു" (11:84).

വിഗ്രഹാരാധനക്കെതിരെ ശക്തമായി നിലകൊണ്ട ആദർശ പിതാവായ ഇബ്‌റാഹീം നബി(അ) തന്റെ ജനത ആരാധിക്കുന്ന വിഗ്രഹങ്ങളെ ഭയപ്പെടാതെ, അല്ലാഹുവിൽ മാത്രം ഭരമേൽപിച്ചപ്പോൾ അഗ്നികുണ്ഡത്തെ അദ്ദേഹത്തിന് തണുപ്പും സമാധാനവുമായി അല്ലാഹു മാറ്റിക്കൊടുത്തു.

"അവർ പറഞ്ഞു: 'നിങ്ങൾക്ക് (വല്ലതും) ചെയ്യാനാകുമെങ്കിൽ നിങ്ങൾ ഇവനെ ചുട്ടെരിച്ച് കളയുകയും നിങ്ങളുടെ ദൈവങ്ങളെ സഹായിക്കുകയും ചെയ്യുക.' നാം പറഞ്ഞു: തീയേ, നീ ഇബ്‌റാഹീമിന് തണുപ്പും സമാധാനവുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടംപറ്റിയവരാക്കുകയാണ് നാം ചെയ്തത്" (21:68-70).

"നിങ്ങൾ (അല്ലാഹുവിനോട്) പങ്കുചേർത്തതിനെ ഞാൻ എങ്ങനെ ഭയപ്പെടും? നിങ്ങളാകട്ടെ, അല്ലാഹു നിങ്ങൾക്ക് യാതൊരു പ്രമാണവും നൽകിയിട്ടില്ലാത്ത വസ്തുക്കളെ അവനോട് പങ്ക് ചേർക്കുന്നതിനെപ്പറ്റി ഭയപ്പെടുന്നുമില്ല. അപ്പോൾ രണ്ടു കക്ഷികളിൽ ആരാണ് നിർഭയരായിരിക്കാൻ കൂടുതൽ അർഹതയുള്ളവർ? (പറയൂ;) നിങ്ങൾക്കറിയാമെങ്കിൽ" (6:81).

ജീവിതത്തിൽ ഏറ്റവും കൂടുതൽ പരീക്ഷണങ്ങൾ നേരിട്ട അന്തിമ പ്രവാചകൻ മുഹമ്മദ്(സ്വ) മക്കയിലെ മുശ്‌രിക്കുകൾ വധിക്കാൻ നോക്കിയപ്പോഴും, സാമ്പത്തികമായി ഒറ്റപ്പെടുത്തിയപ്പോഴും ബഹിഷ്‌കരണങ്ങൾ നടത്തിയപ്പോഴും തൗഹീദിൽ ഉറച്ചുനിന്നു. ഹിജ്‌റയുടെ വേളയിൽ സൗർ ഗുഹയിൽ വച്ച് അബൂബക്കർ(റ) ശത്രുക്കളെ കണ്ട് പേടിച്ചപ്പോൾ നബി(സ്വ) നൽകിയ ആശ്വാസത്തിന്റെ വർത്തമാനം തൗഹീദിനാൽ വിശ്വാസി നിർഭയനാവുന്നതിന്റെ ഉദാത്തമായ മാതൃകയാണ്. പ്രവാചകൻ(സ്വ) പറഞ്ഞു: 'ദുഃഖിക്കേണ്ടതില്ല, തീർച്ചയായും അല്ലാഹു നമ്മളോടൊപ്പമുണ്ട്.' വിശുദ്ധ ക്വുർആനിന്റെ ഒമ്പതാം അധ്യായത്തിലെ നാൽപതാമത്തെ വചനത്തിൽ ഇക്കാര്യം വിശദീകരിക്കപ്പെടുന്നുണ്ട്.

മുന്നിൽ തിരമാലകളാൽ ആർത്തലക്കുന്ന കടലിനെയും പിന്നിൽ ഫിർഔനിന്റെ സൈന്യത്തെയും കണ്ടപ്പോൾ മൂസാനബി(അ)യുടെ അനുയായികൾ ഭയപ്പെട്ടു. ആ സന്ദർഭത്തിൽ മൂസാ(അ) പറഞ്ഞു: "ഒരിക്കലുമില്ല, തീർച്ചയായും എന്റെ റബ്ബ് എന്നോടൊപ്പമുണ്ട്. അവൻ എനിക്ക് ഒരു വഴി കാണിച്ചുതരും." ഈ ആത്മവിശ്വാസം മൂസാ നബി(അ)ക്ക് ലഭിച്ചത് തൗഹീദിൽ അടിയുറച്ചു നിന്നതുകൊണ്ട് മാത്രമാണ്.

**ജീവിതത്തിൽ ഏറ്റവും കൂടുതൽ പരീക്ഷണങ്ങൾ നേരിട്ട അന്തിമ പ്രവാചകൻ മുഹമ്മദ്(സ്വ) മക്കയിലെ മുശ്‌രിക്കുകൾ വധിക്കാൻ നോക്കിയപ്പോഴും, സാമ്പത്തികമായി ഒറ്റപ്പെടുത്തിയപ്പോഴും ബഹിഷ്‌കരണങ്ങൾ നടത്തിയപ്പോഴും തൗഹീദിൽ ഉറച്ചുനിന്നു. ഹിജ്‌റയുടെ വേളയിൽ സൗർ ഗുഹയിൽ വച്ച് അബൂബക്കർ(റ) ശത്രുക്കളെ കണ്ട് പേടിച്ചപ്പോൾ നബി(സ്വ) നൽകിയ ആശ്വാസത്തിന്റെ വർത്തമാനം തൗഹീദിനാൽ വിശ്വാസി നിർഭയനാവുന്നതിന്റെ ഉദാത്തമായ മാതൃകയാണ്.**

**തൗഹീദിനാൽ നിർഭയരായ സ്വഹാബത്ത്**

മക്കയിലുള്ള മുശ്‌രിക്കുകളുടെ അതിക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങിയപ്പോഴും സ്വഹാബത്ത് അല്ലാഹു ഏകനാണ് എന്ന് ഉറക്കെ പ്രഖ്യാപിച്ചത് തൗഹീദ് അവരെ എത്രമാത്രം നിർഭയരാക്കിയിരുന്നു എന്നതിന്റെ മകുടോദാഹരണങ്ങളാണ്. അടിമയായിരുന്ന ബിലാലി(റ)നെ ശത്രുക്കൾ മർദിച്ചവശനാക്കിയപ്പോൾ അദ്ദേഹത്തിന്റെ നാവിൽനിന്ന് തൗഹീദിന്റെ വചനമല്ലാതെ മറ്റൊന്നും പുറത്തുവന്നില്ല. ശരീരത്തിൽ തീ കൊണ്ട് മുറിവേൽപിച്ച് പീഡിപ്പിക്കപ്പെട്ട സ്വഹാബിമാരുണ്ട്. ആ സന്ദർഭത്തിൽ പോലും ഏകദൈവവിശ്വാസത്താൽ കരുത്തുറ്റ അവരുടെ മനസ്സിന് ഒരു ചാഞ്ചല്യവും ഉണ്ടായിട്ടില്ല. അമ്മാറിന്റെയും (റ) യാസിറിന്റെയും(റ) സുമയ്യയുടെയും (റ) ചരിത്രം ഏതു പ്രതിസന്ധിഘട്ടത്തിലും വിശ്വാസത്തെ മുറുകെ പിടിച്ച് ജീവിക്കുന്നവർക്ക് എന്നും പ്രചോദനമാണ്.

**തവക്കുലിന്റെ കരുത്ത്**

തൗഹീദിനാൽ നിർഭയരാകുന്ന വിശ്വാസികൾക്ക് തവക്കുൽ നൽകുന്ന സമാധാനം അനിർവചനീയമാണ്. എല്ലാ കാര്യങ്ങളുടെയും അന്തിമവിധി അല്ലാഹുവിന്റെ കൈകളിലാണെന്ന ബോധ്യത്തിൽ എല്ലാം അവനിൽ ഭരമേൽപിക്കുവാനുള്ള മനസ്സ് വിശ്വാസികൾക്ക് സമാനതകളില്ലാത്ത ശാന്തതയാണ് പകർന്നുനൽകുന്നത്. എനിക്ക് എന്തു സംഭവിച്ചാലും അത് എന്റെ റബ്ബിന്റെ തീരുമാനമാണ്, അതിൽ എനിക്ക് എന്തെങ്കിലും ഗുണമുണ്ടാകും എന്ന ചിന്ത അവനെ ഏതു പ്രതിസന്ധികളിലും മാനസികമായി തളരാതെ കാക്കുന്നു.

അല്ലാഹു പറഞ്ഞു: “പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്”(9:51).

നബി(സ്വ) ഇബ്നു അബ്ബാസി(റ)നോട് പറഞ്ഞ വാക്കുകൾ ഏറെ പ്രസക്തമാണ്: “അറിയുക; ലോകത്തുള്ളവരെല്ലാംകൂടി നിനക്ക് ഒരു ഗുണം ചെയ്യുവാൻ ഒരുമിച്ചാലും അല്ലാഹു നിനക്ക് നിശ്ചയിച്ചതല്ലാതെ മറ്റൊന്നും ചെയ്യാൻ അവർക്ക് ആവുകയില്ല. അവർ നിനക്ക് ഒരു ദോഷം ചെയ്യുവാൻ ഒരുമിച്ചാലും അല്ലാഹു നിനക്ക് നിശ്ചയിച്ചതല്ലാതെ ഒന്നും ചെയ്യാൻ അവർക്കാവില്ല” (തിർമിദി).




ഈ ആദർശ അടിത്തറയെ ഉൾക്കൊള്ളുന്ന വിശ്വാസികൾക്ക് ജീവിതത്തിൽ ഏതു പ്രതിസന്ധികളെയും നേരിടുവാനുള്ള കരുത്താണിത് നൽകുന്നത്.

ജീവിതത്തിൽ എന്തെങ്കിലുമൊക്കെ പരാജയം സംഭവിക്കുമ്പോഴേക്കും ആളുകൾ വലിയ നിരാശയിലേക്കും ഭയപ്പാടിലേക്കും വീണുപോകാറുണ്ട്. എന്നാൽ തൗഹീദ് ഉൾക്കൊള്ളുന്ന ഓരോ വ്യക്തിക്കും ക്വദ്റിലുള്ള വിശ്വാസം (വിധിയിലുള്ള വിശ്വാസം) ഇത്തരം സന്ദർഭങ്ങളിൽ ഒരു രക്ഷാകവചമായി മാറുന്നു. ‘അല്ലാഹു ഇത് എനിക്ക് വിധിച്ചിട്ടില്ല’ എന്ന് ചിന്തിക്കുന്നതിലൂടെ അവൻ മാനസികമായ ആരോഗ്യത്തെ വീണ്ടെടുക്കുന്നു. പരാജയങ്ങളിൽ തളരാതിരിക്കുന്നു. ഇതൊരു പരീക്ഷണമാണെന്ന് മനസ്സിലാക്കി അതിൽനിന്നും പാഠം ഉൾക്കൊണ്ട് വീണ്ടും വിജയത്തിനായി അവൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

നബി(സ്വ) പറഞ്ഞു: “ഒരു വിശ്വാസിയുടെ കാര്യം അത്ഭുതകരം തന്നെയാണ്! അവന്റെ എല്ലാ കാര്യങ്ങളും അവന് ഗുണകരമാണ്. സന്തോഷകരമായ കാര്യമുണ്ടായാൽ അവൻ നന്ദി കാണിക്കുന്നു. അതവന് ഗുണമായി ഭവിക്കുന്നു. പ്രയാസകരമായ കാര്യമുണ്ടായാലോ അവൻ ക്ഷമിക്കുന്നു; അതും അവന് ഗുണകരമാണ്” (മുസ്‌ലിം).

*(അവസാനിച്ചില്ല)*



# മൊബൈൽ ഫോണും കുട്ടികളുടെ ഭക്ഷണശീലവും:

## തിരിച്ചറിയേണ്ട യാഥാർഥ്യങ്ങൾ

ഡോ. ഹിസാന ജഹാൻ

'മൊബൈലില്ലെങ്കിൽ കുട്ടി പട്ടിണിയിലാണ് ഡോക്ടറേ...' ഇന്ന് മിക്ക മാതാക്കളുടെയും സ്ഥിരം പല്ലവിയായി ഇത് മാറിയിരിക്കുന്നു. മൊബൈൽ ഉപയോഗത്തിന്റെ ദോഷവശങ്ങളെക്കുറിച്ച് ബോധവാന്മാരായ മാതാപിതാക്കൾ പോലും, കുഞ്ഞിന്റെ വയറു നിറയ്ക്കാൻ വേണ്ടി കാർട്ടൂണുകളെ ആശ്രയിക്കുന്ന ഒരവസ്ഥയാണിന്നുള്ളത്. ഇതൊരു സൗകര്യമായി നമുക്ക് തോന്നാമെങ്കിലും നമ്മുടെ മക്കളുടെ ഭാവിയെയും ഭക്ഷണസംസ്കാരത്തെയും ഇത് എങ്ങനെ ബാധിക്കുന്നു എന്ന് നാം ഗൗരവമായി ചിന്തിക്കണം.

**സ്‌ക്രീനിൽ നോക്കി ഭക്ഷണം കഴിക്കുന്ന കുട്ടിയോട് അരമണിക്കൂറിന് ശേഷം നീ എന്താണ് കഴിച്ചത് എന്ന് ചോദിച്ചാൽ പലപ്പോഴും അവർക്ക് ഓർമയുണ്ടാവാറില്ല. ഈ രീതി ശീലമാകുമ്പോൾ, ഭാവിയിൽ പുതിയൊരു ഭക്ഷണം രുചിച്ചു നോക്കാനോ ഭക്ഷണമെന്ന ആസ്വാദനത്തെ അനുഭവിച്ചറിയാനോ കഴിയാത്ത ഒരു തലമുറയായി അവർ വളരാൻ സാധ്യതയുണ്ട്.**

ഒരു കുഞ്ഞ് ഭക്ഷണം കഴിക്കുമ്പോൾ വയറു നിറയുക എന്നതിലുപരി പല ലക്ഷ്യങ്ങളും നാം മുന്നിൽ കാണേണ്ടതുണ്ട്. ഭക്ഷണത്തിലൂടെ ഒരു കുഞ്ഞിന് ലഭിക്കേണ്ട പ്രധാന കാര്യങ്ങൾ ഇവയാണ്:

**കാഴ്ച:** ഭക്ഷണം കണ്ണുകൊണ്ട് കാണുമ്പോൾ അത് തലച്ചോറിൽ ചില പ്രതികരണങ്ങൾ ഉണ്ടാക്കുന്നു. ഭക്ഷണത്തിന്റെ നിറവും മണവും തിരിച്ചറിയാൻ ഇത് കുഞ്ഞിനെ സഹായിക്കുന്നു.

**സ്പർശനം:** കുഞ്ഞ് ഭക്ഷണം തൊടുമ്പോൾ അത് അവരുടെ 'സെൻസറി' വികസനത്തിന് സഹായിക്കുന്നു. ഭക്ഷണത്തിന്റെ രൂപവും ഘടകങ്ങളും നേരിട്ട് മനസ്സിലാക്കുന്നത് പുതിയ കാര്യങ്ങൾ പരിചയപ്പെടാനുള്ള താൽപര്യം അവരിൽ ജനിപ്പിക്കുന്നു.

**രുചി:** ഓരോ ഉരുളയും വായിലെത്തുമ്പോൾ അതിന്റെ രുചി തിരിച്ചറിയാനും അതിനനുയോജ്യമായ രീതിയിൽ അത് സംസ്‌കരിക്കാനുമുള്ള പ്രക്രിയ കുഞ്ഞിന്റെ തലച്ചോറിൽ നടക്കുന്നുണ്ട്.

ഒരു ടിവിയുടെയോ മൊബൈലിന്റെയോ മുന്നിലിരുത്തി നമ്മൾ വായിലേക്ക് ഭക്ഷണം വെച്ച് കൊടുക്കുമ്പോൾ ഇതിൽ ഏതെങ്കിലും ഒന്ന് നടക്കുന്നുണ്ടോ എന്ന് നാം സ്വയം വിലയിരുത്തണം. സ്‌ക്രീനിൽ നോക്കി ഭക്ഷണം കഴിക്കുന്ന കുട്ടിയോട് അരമണിക്കൂറിന് ശേഷം നീ എന്താണ് കഴിച്ചത് എന്ന് ചോദിച്ചാൽ പലപ്പോഴും അവർക്ക് ഓർമയുണ്ടാവാറില്ല. ഈ രീതി ശീലമാകുമ്പോൾ, ഭാവിയിൽ പുതിയൊരു ഭക്ഷണം രുചിച്ചു നോക്കാനോ ഭക്ഷണമെന്ന ആസ്വാദനത്തെ അനുഭവിച്ചറിയാനോ കഴിയാത്ത ഒരു തലമുറയായി അവർ വളരാൻ സാധ്യതയുണ്ട്.

**നമുക്ക് എന്ത് ചെയ്യാൻ സാധിക്കും?**

*തുടക്കത്തിലേ ശ്രദ്ധിക്കുക:* ആറാം മാസത്തിൽ ഭക്ഷണം കൊടുത്തു തുടങ്ങുമ്പോൾതന്നെ മൊബൈൽ നൽകുന്ന ശീലം ഒഴിവാക്കാം. പണ്ട് നമ്മൾ കാക്കയെയും പൂച്ചയെയും കാണിച്ച് ഭക്ഷണം കൊടുത്തതുപോലെ പ്രകൃതിയോട് ഇണങ്ങിയ രീതികളിലേക്ക് തിരിച്ചുപോകുന്നതാണ് ഉചിതം.

*ക്ഷമ ശീലിക്കുക:* ഈ രീതിയിൽ ഭക്ഷണം നൽകുമ്പോൾ സാധാരണയെക്കാൾ ഇരട്ടി സമയം എടുത്തേക്കാം. ചിലപ്പോൾ വിളമ്പിയ ഭക്ഷണത്തിന്റെ പകുതിയേ കുഞ്ഞ് കഴിച്ചുള്ളൂവെന്നും വരാം. എങ്കിലും ആരോഗ്യകരമായ ശീലത്തിന് അതാണ് ഏറ്റവും നല്ലത്.

*സ്‌ക്രീൻ ടൈം നിയന്ത്രിക്കുക:* കുട്ടികൾക്ക് അനുവദനീയമായ സ്‌ക്രീൻ ടൈം നൽകുമ്പോൾ അത് ഭക്ഷണസമയത്ത് ആവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

*കുടുംബത്തിന്റെ പൊതുനിയമം:* 'ജെന്റിൽ പാരന്റിങ്' രീതികൾ പിന്തുടരുമ്പോഴും, ഭക്ഷണസമയത്ത് മൊബൈൽ വേണ്ട എന്നത് ഒരു കുടുംബ നിയമമായി നടപ്പിലാക്കുക.

അടുത്തൊരു തലമുറയുടെ ആരോഗ്യകരമായ ഭാവിക്കും നല്ല ശീലങ്ങൾക്കും വേണ്ടി മാതാപിതാക്കൾ ഈ ഉത്തരവാദിത്തം ഏറ്റെടുക്കൽ അനിവാര്യമാണ്.

■




ശമീർ മദീനി
: 9048 221 212

വിശ്വാസകാര്യങ്ങൾ മതത്തിന്റെ അടിത്തറയാണ്. അത് കൃത്യവും വ്യക്തവും കണിശവുമായി പ്രമാണങ്ങളിൽനിന്ന് പഠിച്ചറിഞ്ഞ് ഉൾക്കൊള്ളാൻ സാധിച്ചിട്ടില്ലെങ്കിൽ വലിയ ദുരന്തമായിരിക്കും കാത്തിരിക്കുന്നത്. വിശ്വാസത്തിൽ വ്യതിചലിപ്പിച്ചുകഴിഞ്ഞാൽ ലക്ഷ്യം നേടാൻ എളുപ്പം സാധിക്കുമെന്നത് പിശാചിന് നന്നായി അറിയാം. വിശ്വാസകാര്യങ്ങളിൽ വ്യതിചലിപ്പിക്കാൻ പിശാച് കിണഞ്ഞ് പരിശ്രമിക്കുകയും കുതന്ത്രങ്ങൾ മെനയുകയും ചെയ്ത ചരിത്രമാണ് ഏതൊരു ജനതയിലും വ്യതിയാനങ്ങളുടെ അടിസ്ഥാനമായി നമുക്ക് കാണാനാകുന്നത്. ഓരോരുത്തർക്കും തോന്നിയ ആശയങ്ങളും ഊഹാപോഹങ്ങളുമൊക്കെ വിശ്വാസങ്ങളായി സ്വീകരിച്ച് അതിനനുസരിച്ച് പല ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാക്കുകയുമായിരുന്നു അവർ ചെയ്തത്. അതിന് നല്ലൊരു ഉദാഹരണമാണ് മജൂസികളുടെ അഥവാ അഗ്നിയാരാധകരുടെ കാര്യം. രണ്ട് ദൈവങ്ങൾ ഉണ്ടെന്നതാണ് ഇവരുടെ വിശ്വാസം. ഒന്ന് നന്മയുടെ പ്രതീകമായ പ്രകാശവും മറ്റൊന്ന് തിന്മ പ്രവർത്തിക്കുന്ന പിശാചിന്റെ പ്രതീകമായ ഇരുട്ടും എന്നതാണ് ഇവരുടെ സങ്കൽപം.

എന്നാൽ അല്ലാഹു പറയുന്നത് ഇരുട്ടും വെളിച്ചവും അല്ലാഹു സംവിധാനിച്ച രണ്ട് പ്രതിഭാസങ്ങളാണ് എന്നാണ്: "ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും ഇരുട്ടുകളും വെളിച്ചവും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സ്തുതി. എന്നിട്ടുമതാ സത്യനിഷേധികൾ തങ്ങളുടെ രക്ഷിതാവിന് സമൻമാരെ വെക്കുന്നു" (ക്വുർആൻ 6:1).

അല്ലാഹുവിനെക്കുറിച്ച് അവർ വെച്ചുപുലർത്തിയ തെറ്റായ വിശ്വാസങ്ങൾക്ക് പുറമെ

ഇരുട്ടിനെക്കുറിച്ചും പ്രകാശത്തെക്കുറിച്ചും പുതിയ പുതിയ ചില സങ്കൽപങ്ങൾ അവർ കൊണ്ടുവന്നു. അവരിലെ പൂർവകാല നേതാവായി അറിയപ്പെട്ടിരുന്ന 'സറാദശ്ത്ത്' അഗ്നിയാരാധനയെയും സൂര്യനമസ്കാരത്തെയുമെല്ലാം വിശുദ്ധമായി പ്രഖ്യാപിച്ചു. സൂര്യനും അതിന്റെ പ്രകാശവുമാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തി എന്ന തെറ്റായ വിശ്വാസം അവർ വെച്ചുപുലർത്തി. ലോകത്തുനിന്ന് ഇരുട്ട് നീക്കി വെളിച്ചം കൊണ്ടുവരുന്നത് സൂര്യനാണെന്നും അതില്ലായിരുന്നുവെങ്കിൽ സസ്യലതാദികൾ മുളക്കുകയോ വളരുകയോ പുഷ്പിക്കുകയോ ചെയ്യുകയില്ല എന്നും ജീവജാലങ്ങൾക്കിവിടം വാസയോഗ്യമാകുമായിരുന്നില്ല എന്നുമൊക്കെയാണ് അതിനു കാരണമായി പറഞ്ഞത്. എന്നാൽ അങ്ങനെയൊക്കെയുള്ള ആ സൂര്യനെത്തന്നെ പടച്ച സ്രഷ്ടാവിനെ മറന്നുകൊണ്ടാണ് അവർ അതിനെ ആരാധിക്കുന്നവരായി മാറിയത്.

സബഇലെ ബിൽഖീസ് രാജ്ഞിയും പരിവാരങ്ങളും സൂര്യാരാധന നടത്തിയിരുന്നതായി ക്വുർആൻ പരാമർശിക്കുന്നുണ്ട്. സുലൈമാൻ നബി(അ)യുടെ ഹുദ്ഹുദ് പക്ഷി അവരെക്കുറിച്ച് പറഞ്ഞത് ഇങ്ങനെ യാണ്:

"അവളും അവളുടെ ജനതയും അല്ലാഹുവിന് പുറമെ സൂര്യന് പ്രണാമം ചെയ്യുന്നതായിട്ടാണ് ഞാൻ കണ്ടെത്തിയത്. പിശാച് അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ ഭംഗിയായി തോന്നിക്കുകയും അവരെ നേർമാർഗത്തിൽനിന്ന് തടയുകയും ചെയ്തിരിക്കുന്നു. അതിനാൽ അവർ നേർവഴി പ്രാപിക്കുന്നില്ല" (27:24).

സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം സ്രഷ്ടാവായ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും അവയിലൂടെ ലഭിക്കുന്ന നന്മകൾ സ്രഷ്ടാവിന്റെ ഔദാര്യങ്ങളും അനുഗ്രഹങ്ങളുമാണ് എന്നുമുള്ള വസ്തുത തിരിച്ചറിയാൻ കഴിയാത്തവിധത്തിൽ ഒരുതരം അന്ധത പിശാച് അവരിൽ പടർത്തി എന്ന് വേണം മനസ്സിലാക്കാൻ. ഓരോന്നിൽനിന്നും കിട്ടുന്ന ഗുണങ്ങൾ കണ്ടുകൊണ്ട് അവയെയെല്ലാം ദൈവങ്ങളാക്കി സങ്കൽപിച്ചാൽ ദൈവങ്ങളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയാത്തത്രയും ഉണ്ടായിരിക്കും. അവർക്കൊക്കെ ആരാധനകൾ സമർപ്പിക്കുന്നത് എന്തുമാത്രം ബാലിശമാണ്! സൃഷ്ടിപൂജ നടത്തുന്ന ആളുകളിൽ പലരും ന്യായമായി പറയാറുള്ളത് അവയിലൂടെ കിട്ടുന്ന ഗുണങ്ങളെ സംബന്ധിച്ചാണ്. അഥവാ ഈ ഒരു ന്യായീകരണത്തിലൂടെ പലരെയും പിഴപ്പിക്കുവാൻ സാധിക്കുമെന്ന് പിശാച് തെളിയിച്ചിട്ടുള്ളതാണ്. ഇന്നും ഇത്തരക്കാരെ ഈ ന്യായീകരണങ്ങളുമായി ബഹുദൈവത്വത്തിന് കുടപിടിക്കുന്നവരായി കാണാൻ കഴിയും. മൃഗങ്ങളെയും സൂര്യനെയും ചന്ദ്രനെയും സമുദ്രത്തെയും കല്ലിനെയും കടലിനെയുമൊക്കെ പൂജിക്കുന്നവരും ഇത്തരത്തിലുള്ള ന്യായീകരണങ്ങൾ നിരത്തുന്നതിന്റെ അടിസ്ഥാനം മറ്റൊന്നല്ല.

എന്നാൽ അല്ലാഹു പറയുന്നത് കാണുക: "അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യനോ ചന്ദ്രനോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന് നിങ്ങൾ പ്രണാമം ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ"(41:37).

അല്ലാമാ ഇബ്നുൽ ജൗസി (റഹി) തന്റെ പ്രസിദ്ധമായ 'തൽബീസു ഇബ്ലീസ്' എന്ന ഗ്രന്ഥത്തിൽ പിശാച് മജൂസികളിൽ വിതറിയ വിശ്വാസവൈകല്യങ്ങളും അനാചാരങ്ങളും വിശദീകരിക്കുന്നുണ്ട്. (പേജ് 87).

മരണപ്പെട്ടവരെ അവർ മറവു ചെയ്യുമായിരുന്നില്ലത്രെ! കാരണം, മറവ് ചെയ്യുന്നത് മരിച്ചവരോടുള്ള അനാദരവാണെന്നായിരുന്നു അവരുടെ വീക്ഷണം. മൃഗങ്ങളെ കൊല്ലുന്നതും അറുക്കുന്നതുമൊന്നും ശരിയല്ല എന്നായിരുന്നു അവർ കരുതിയിരുന്നത്. എന്നാൽ ചില മൃഗങ്ങൾക്ക് പ്രത്യേകതകളും പവിത്രതയും കൽപിച്ചുകൊണ്ട് പല ആചാരങ്ങളും അനുബന്ധമായി അവർ ആചരിച്ചുവന്നു. അതിലൊന്നാണ് പശുക്കളുടെ മൂത്രം പവിത്രവും പുണ്യമുള്ളതുമാണ് എന്ന വിശ്വാസത്താൽ അതുകൊണ്ട് അവർ തങ്ങളുടെ മുഖം കഴുകുമായിരുന്നു എന്നത്! അത് പ്രായംചെന്ന പശുക്കളുടെതാണെങ്കിൽ കൂടുതൽ പവിത്രതയും പുണ്യവുമുള്ളതായി അവർ കരുതിയിരുന്നു. സ്വന്തം മാതാവുമായി ലൈംഗിക ബന്ധം അനുവദനീയമായിട്ടാണ് ഇവർ കണ്ടിരുന്നത്.

ഇങ്ങനെ എത്രയോ അനാചാരങ്ങളും നോന്നിവാസങ്ങളുമാണ് പിശാച് അവരെക്കൊണ്ട് ചെയ്യിച്ചത്! ('തൽബീസു ഇബ്ലീസ്,' പേജ് 87-89ൽ ഇത് വിവരിക്കുന്നുണ്ട്).

നേരായ മാർഗത്തിലൂടെ സഞ്ചരിക്കുവാനും യഥാർഥ വിശ്വാസികളായി ഈ ലോകത്തുനിന്ന് വിട പറയുവാനും അല്ലാഹു നമുക്ക് അനുഗ്രഹം പ്രദാനം ചെയ്യുമാറാകട്ടെ.

ക്വുർആനിലെ
സാർവലൗകിക
വിളികൾ
13



# പ്രവാചകത്വത്തിന്റെ സ്ഥിരീകരണവും സത്യവിശ്വാസത്തിന്റെ അനിവാര്യതയും

ഇഅ്ജാസ് ബിൻ ഇസ്മാഈൽ,മസ്കത്ത്
: 00968-98242217

മനുഷ്യൻ തന്റെ സ്രഷ്ടാവിനെ തിരിച്ചറിയുന്നതിനും ജീവിതലക്ഷ്യം മനസ്സിലാക്കുന്നതിനുമുള്ള ഏക വഴിയാണ് പ്രവാചകത്വം. അല്ലാഹു വിവിധ കാലഘട്ടങ്ങളിൽ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിലേക്ക് പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. അന്ത്യനാൾവരെയുള്ള മാനവരാശിക്കാകമാനമായി അല്ലാഹു നിയോഗിച്ച പ്രവാചകനാണ് മുഹമ്മദ്(സ്വ). അവിടുന്ന് തന്റെ സ്വന്തം ആശയങ്ങളുമായല്ല, പ്രപഞ്ചനാഥന്റെ അലംഘനീയമായ സത്യവുമായാണ് കടന്നുവന്നത് എന്ന് ഉറപ്പിച്ചു പറയുന്ന വചനമാണിത്:

يَا أَيُّهَا النَّاسُ قَدْ جَاءَكُمُ الرَّسُولُ بِالْحَقِّ مِن رَّبِّكُمْ فَآمِنُوا خَيْرًا لَّكُمْ ۚ وَإِن تَكْفُرُوا
فَإِنَّ لِلَّهِ مَا فِي السَّمَاوَاتِ وَالْأَرْضِ ۚ وَكَانَ اللَّهُ عَلِيمًا حَكِيمًا

**സകല കാര്യങ്ങളെക്കുറിച്ചും സൂക്ഷ്മമായ അറിവുള്ള അല്ലാഹു നൽകുന്ന ഓരോ നിർദേശത്തിന് പിന്നിലും ലോകത്തിന് ഗുണകരമായ ഒരു കാരണമുണ്ടാകും. അവന്റെ അറിവിനെയും യുക്തിയെയും അംഗീകരിച്ചുകൊണ്ടും വിശ്വസിച്ചുകൊണ്ടും പ്രവാചകനെ പിൻപറ്റുന്നതിലാണ് മനുഷ്യരാശിയുടെ വിജയം കുടികൊള്ളുന്നത്.**

"ഹേ, മനുഷ്യരേ! നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യവുമായി നിങ്ങളുടെ അടുക്കലിതാ റസൂൽ വന്നിരിക്കുന്നു. അതിനാൽ നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ വിശ്വസിക്കുക. നിങ്ങൾ നിഷേധിക്കുകയാണെങ്കിലോ, ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെതാണ് (എന്ന് നിങ്ങൾ ഓർത്തുകൊള്ളുക). അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു" (ഖുർആൻ 4:170).

### സത്യവുമായാണ് പ്രവാചകൻ(സ്വ) വന്നത്

മുഹമ്മദ് നബി(സ്വ) കൊണ്ടുവന്ന സന്ദേശങ്ങൾ കേവലം കെട്ടുകഥകളോ ഭാവനയോ അല്ല, മറിച്ച് അത് 'സത്യം' (അൽഹക്ക്) ആണ്. അത് നിങ്ങളുടെ രക്ഷിതാവിൽനിന്ന് (മിൻ റബ്ബിക്കും) നേരിട്ട് വന്നതാണ്. ഇതിൽ സംശയിക്കേണ്ടതില്ലെന്ന് അല്ലാഹു ഉറപ്പിച്ചു പറയുന്നു.

ലോകത്ത് പലരും പല സിദ്ധാന്തങ്ങളും അവതരിപ്പിക്കാറുണ്ട്. പല അവകാശവാദങ്ങളും ഉന്നയിക്കാറുണ്ട്. അത് തന്റെ ബുദ്ധിയിൽനിന്നുദിച്ചതാണെന്ന് അഹങ്കരിക്കാറുണ്ട്. എന്നാൽ മുഹമ്മദ് നബി(സ്വ) കൊണ്ടുവന്ന സന്ദേശം മനുഷ്യബുദ്ധിയുടെ സൃഷ്ടിയല്ല. മനുഷ്യജീവിതത്തിന് ആവശ്യമായ എല്ലാ നിയമങ്ങളും ധാർമികതയും അടങ്ങിയ, മാറ്റമില്ലാത്ത 'പരമമായ സത്യമാണ്' അദ്ദേഹം പ്രതിനിധീകരിക്കുന്നത്. ഈ സത്യത്തെ തിരിച്ചറിയുക എന്നതാണ് മനുഷ്യന്റെ ബുദ്ധിപരമായ കടമ.

മുഹമ്മദ് നബി(സ്വ)യുടെ വരവുതന്നെ ഒരു മഹത്തായ ദൈവിക കരുണയാണ്. അദ്ദേഹം കൊണ്ടുവന്ന ഖുർആനും സുന്നത്തും ഗതകാലവിജ്ഞാനങ്ങളും പല ഭാവി സംഭവങ്ങളും വിവരിക്കുന്നു. അതോടൊപ്പം മനുഷ്യജീവിതത്തിന് ആവശ്യമായ എല്ലാ നന്മകളും (നീതി, ധാർമികത, സമാധാനം, കുടുംബബന്ധം ചേർക്കൽ) ആജ്ഞാപിക്കുകയും തിന്മകളിൽനിന്ന് (അന്യായം, അതിക്രമം, കളവ്) വിലക്കുകയും ചെയ്യുന്നു. ഈ സന്ദേശത്തിന്റെ സൗന്ദര്യവും സമഗ്രതയും കണ്ടാൽതന്നെ അത് മനുഷ്യബുദ്ധിയുടെ സൃഷ്ടിയല്ല, മറിച്ച് അല്ലാഹുവിന്റെ ദിവ്യബോധനമാണെന്ന് ചിന്തിക്കുന്നവർക്ക് തിരിച്ചറിയാൻ സാധിക്കും.

### വിശ്വാസം അവരവരുടെ നന്മയ്ക്കായി

'നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ വിശ്വസിക്കുക' എന്ന് പറയുമ്പോൾ, അല്ലാഹു മനുഷ്യന്റെ താൽപര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത്. വിശ്വാസം അല്ലാഹുവിന് വേണ്ടിയല്ല, മറിച്ച് മനുഷ്യന്റെ സ്വന്തം ജീവിതത്തിന്റെ ക്രമീകരണത്തിനും സമാധാനത്തിനും പരലോക വിജയത്തിനും വേണ്ടിയാണ്.

വിശ്വാസം എന്നത് ഒരു ഭാരമല്ല, മറിച്ച് മനുഷ്യന് താങ്ങായി നിൽക്കുന്ന ശക്തിയാണ്. സ്രഷ്ടാവിലുള്ള വിശ്വാസം മനുഷ്യന് മനക്കരുത്തും ലക്ഷ്യബോധവും നൽകുന്നു. നാം വിശ്വസിക്കുന്നതിലൂടെ ദൈവത്തിന് പുതിയൊരു അധികാരവും ലഭിക്കുന്നില്ല, മറിച്ച് സന്മാർഗത്തിലൂടെ സഞ്ചരിക്കാനുള്ള ഭാഗ്യം ലഭിക്കുന്നത് നമുക്ക് തന്നെയാണ്. അതുകൊണ്ടാണ് 'അതാണ് നിങ്ങൾക്ക് ഉത്തമം' എന്ന് അല്ലാഹു പ്രത്യേകം പറഞ്ഞത്.

'വിശ്വാസിക്കുക' എന്നത് നമുക്ക് 'ഉത്തമം' ആണെന്ന് അല്ലാഹു

പറയുമ്പോൾ, അത് ഒരു ലളിതമായ ഉപദേശമല്ല. അത് മനുഷ്യന്റെ ശരീരത്തിനും മനസ്സിനും ആത്മാവിനും ഇഹത്തിലും പരത്തിലും ലഭിക്കുന്ന സമ്പൂർണ ഗുണമാണ്. വിശ്വാസം മനുഷ്യന് മനഃശാന്തി, ലക്ഷ്യബോധം, ധൈര്യം, സമാധാനപരമായ ജീവിതം എന്നിവ നൽകുന്നു. അത് നന്മകളുടെ വാതിലുകൾ തുറക്കുകയും ദൈവികസഹായം ലഭ്യമാക്കുകയും ചെയ്യുന്നു. അതേസമയം, അവിശ്വാസം അല്ലെങ്കിൽ വിശ്വാസത്തിന്റെ കുറവ് ഇഹലോകത്തും പരലോകത്തും ഖേദത്തിന് കാരണമായിത്തീരും. ഈമാൻ സ്വീകരിക്കുന്നത് നമ്മുടെ സ്വന്തം ക്ഷേമത്തിന് വേണ്ടിയാണ്; അത് അല്ലാഹുവിന് ഒരു ലാഭവും ഉണ്ടാക്കുന്നില്ല എന്നർഥം.

**അല്ലാഹുവിന്റെ പരാശ്രയമുക്തത**

മനുഷ്യൻ വിശ്വസിച്ചില്ലെങ്കിൽ ദൈവത്തിന് വല്ല നഷ്ടവുമുണ്ടോ? ഇല്ല എന്ന് ഈ വചനം വ്യക്തമാക്കുന്നു. ആകാശഭൂമികളിലെ സർവ ചരാചരങ്ങളും അവന്റെ ഉടമസ്ഥതയിലാണ്. ലോകത്തുള്ള സകല മനുഷ്യരും ഒന്നിച്ച് നിഷേധിച്ചാലും അവന്റെ ആധിപത്യത്തിന് ഒരു കുറവും സംഭവിക്കില്ല.

നമ്മുടെ ആരാധനകൾകൊണ്ടോ വിശ്വാസംകൊണ്ടോ ദൈവത്തിന് ഒന്നും നേടാനില്ല. ആകാശമണ്ഡലങ്ങളും കോടിക്കണക്കിന് നക്ഷത്രങ്ങളും ഭൂമിയുമെല്ലാം അവന്റെ കൽപനയ്ക്ക് വിധേയമായി പ്രവർത്തിക്കുന്നു. മനുഷ്യൻ എന്ന കൊച്ചുജീവി അവനെ അംഗീകരിച്ചാലും ഇല്ലെങ്കിലും അവന്റെ മഹത്ത്വത്തിന് മാറ്റമില്ല. ഈ തിരിച്ചറിവ് മനുഷ്യനെ അഹങ്കാരത്തിൽനിന്ന് മോചിപ്പിക്കുകയും വിനയമുള്ളവനാക്കി മാറ്റുകയും ചെയ്യുന്നു.

അല്ലാഹു പറയുന്നു: “നിങ്ങൾ അവിശ്വസിച്ചാലും ആകാശഭൂമികളിലുള്ളത് എല്ലാം അല്ലാഹുവിന്റെതാണ്.” ഇത് നമ്മെ പഠിപ്പിക്കുന്നത്, മനുഷ്യന്റെ വിശ്വാസമോ നിഷേധമോ അല്ലാഹുവിന്റെ മഹത്ത്വത്തിനോ ആധിപത്യത്തിനോ യാതൊരു വ്യത്യാസവും ഉണ്ടാക്കുന്നില്ല എന്നാണ്. ആകാശമണ്ഡലങ്ങളിലെ ഗ്രഹങ്ങളും നക്ഷത്രങ്ങളും ഭൂമിയിലെ സകല ജീവജാലങ്ങളും അവന്റെ കൽപനയ്ക്ക് വിധേയമായി പ്രവർത്തിക്കുന്നു. നമ്മുടെ ആരാധനകൾ അവനെ സമ്പന്നനാക്കുന്നില്ല, നമ്മുടെ നിഷേധം അവനെ ദരിദ്രനാക്കുന്നുമില്ല. ഈ തിരിച്ചറിവ് ഉണ്ടാകുമ്പോഴാണ് മനുഷ്യൻ സ്രഷ്ടാവിനോട് വിനയവും കൃതജ്ഞതയുമുള്ളവനായി മാറുക.

**അറിവുള്ളവനും യുക്തിമാനും**

അല്ലാഹു അലീമും (സർവജ്ഞൻ) ഹകീമും (യുക്തിമാൻ) ആണ്. അവന്റെ നിയമങ്ങളെല്ലാം അത്യുജ്ജ്വലമായ യുക്തിയിൽ അധിഷ്ഠിതമാണ്. നമുക്ക് ദൈവിക നിയമങ്ങളിലെ യുക്തി മനസ്സിലായില്ലെന്നു വരാം. എന്നാൽ സകല കാര്യങ്ങളെക്കുറിച്ചും സൂക്ഷ്മമായ അറിവുള്ള അല്ലാഹു നൽകുന്ന ഓരോ നിർദേശത്തിന് പിന്നിലും ലോകത്തിന് ഗുണകരമായ ഒരു കാരണമുണ്ടാകും. അവന്റെ അറിവിനെയും യുക്തിയെയും അംഗീകരിച്ചുകൊണ്ടും വിശ്വസിച്ചുകൊണ്ടും പ്രവാചകനെ പിൻപറ്റുന്നതിലാണ് മനുഷ്യരാശിയുടെ വിജയം കുടികൊള്ളുന്നത്.

**വിശ്വാസം എന്നത് ഒരു ഭാരമല്ല, മറിച്ച് മനുഷ്യന് താങ്ങായി നിൽക്കുന്ന ശക്തിയാണ്. സ്രഷ്ടാവിലുള്ള വിശ്വാസം മനുഷ്യന് മനക്കരുത്തും ലക്ഷ്യബോധവും നൽകുന്നു. നാം വിശ്വസിക്കുന്നതിലൂടെ ദൈവത്തിന് പുതിയൊരു അധികാരവും ലഭിക്കുന്നില്ല, മറിച്ച് സന്മാർഗത്തിലൂടെ സഞ്ചരിക്കാനുള്ള ഭാഗ്യം ലഭിക്കുന്നത് നമുക്ക് തന്നെയാണ്. അതുകൊണ്ടാണ് ‘അതാണ് നിങ്ങൾക്ക് ഉത്തമം’ എന്ന് അല്ലാഹു പ്രത്യേകം പറഞ്ഞത്.**

# സൂറത്തുന്നംല്
## ഉറുമ്പ്
(മക്കയിൽ അവതരിച്ചത്)

അധ്യായം 27

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَمَا مِنْ غَآئِبَةٍ فِى ٱلسَّمَآءِ وَٱلْأَرْضِ إِلَّا فِى كِتَٰبٍ مُّبِينٍ ﴿٧٥﴾

75 ആകാശത്തിലോ ഭൂമിയിലോ മറഞ്ഞു കിടക്കുന്ന യാതൊരു കാര്യവും സ്പഷ്ടമായ ഒരു രേഖയിൽ രേഖപ്പെടുത്താതിരുന്നിട്ടില്ല.

*75). (ആകാശത്തിലോ ഭൂമിയിലോ മറഞ്ഞുകിടക്കുന്ന യാതൊരു കാര്യവും) രഹസ്യമായതാണ് ഇവിടെ ഉദ്ദേശ്യം. അതായത് ഈ ലോകത്തോ ഉപരിലോകത്തോ ഉള്ള രഹസ്യങ്ങൾ. എല്ലാം (സ്പഷ്ടമായ ഒരു രേഖയിൽ രേഖപ്പെടുത്താതിരുന്നിട്ടില്ല) അന്ത്യനാൾവരെ സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ എല്ലാം ആ രേഖ ഉൾക്കൊള്ളുന്നു. രഹസ്യമായതും പരസ്യമായതുമായ എല്ലാ സംഭവങ്ങളും ലൗഹുൽ മഹ്ഫൂദിൽ എഴുതിവെച്ചതനുസരിച്ച് സംഭവിക്കുന്നു.*

إِنَّ هَٰذَا ٱلْقُرْءَانَ يَقُصُّ عَلَىٰ بَنِىٓ إِسْرَٰٓءِيلَ أَكْثَرَ ٱلَّذِى هُمْ فِيهِ يَخْتَلِفُونَ ﴿٧٦﴾

76 ഇസ്രാഈൽ സന്തതികൾ അഭിപ്രായ ഭിന്നത പുലർത്തിക്കൊണ്ടിരിക്കുന്ന വിഷയങ്ങളിൽ മിക്കതും ഈ ക്വുർആൻ അവർക്ക് വിവരിച്ചുകൊടുക്കുന്നു.

*76). ക്വുർആൻ എങ്ങനെ മുൻ വേദങ്ങളെ സ്ഥിരീകരിക്കുന്നു, വിശദീകരിക്കുന്നു, വ്യക്തത വരുത്തുന്നു എന്നതിനെക്കുറിച്ചാണ് അല്ലാഹു ഇവിടെ പറയുന്നത്. ബനു ഇസ്രായീലുകാർക്കിടയിലുള്ള ആശയക്കുഴപ്പങ്ങളിലും അഭിപ്രായഭിന്നതകളിലും ക്വുർആൻ വ്യക്തത വരുത്തുന്നു. അഭിപ്രായഭിന്നതയുള്ള വിഷയങ്ങളെ വ്യക്തമാക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്യുന്നു. എല്ലാ അവ്യക്തതകളും ഇല്ലാതാക്കി വ്യക്തത വരുത്തുന്നു. ഇത് അല്ലാഹു തന്റെ അടിമകൾക്ക് നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ്. എന്നാൽ എല്ലാവരും ഈ അനുഗ്രഹത്തോട് നന്ദിയോടെ പ്രതികരിക്കുന്നില്ല.*

وَإِنَّهُۥ لَهُدًى وَرَحْمَةٌ لِّلْمُؤْمِنِينَ ﴿٧٧﴾

77 തീർച്ചയായും ഇത് സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു.

*77). അതിന്റെ പ്രയോജനവും വെളിച്ചവും മാർഗദർശനവും വിശ്വാസികൾക്ക് മാത്രമാണെന്ന് അല്ലാഹു പറയുന്നു. (തീർച്ചയായും ഇത് മാർഗദർശനമാകുന്നു) വഴിതെറ്റുന്നതിൽ നിന്നും ആശയക്കുഴപ്പങ്ങളിൽനിന്നും ഒരാളെ രക്ഷിക്കുന്ന മാർഗദർശനമാണിത്. (കാരുണ്യവും) അവരുടെ മതപരവും ലൗകികവുമായ കാര്യങ്ങൾ ശരിയാക്കുകയും ആശ്വാസം നൽകുകയും ചെയ്യുന്നത്. (വിശ്വാസികൾക്ക്) അതായത്, അതിൽ വിശ്വസിക്കുകയും അത് സ്വീകരിക്കുകയും അതിനെ പകർത്തുകയും അതിന്റെ അർഥത്തെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നവർക്ക്. അവർ ശരിയായ വഴിയിലേക്കും വിജയവും സൗഭാഗ്യവും നൽകുന്ന കാരുണ്യത്തിലേക്കുമെത്തും.*

إِنَّ رَبَّكَ يَقْضِي بَيْنَهُم بِحُكْمِهِ ۚ وَهُوَ الْعَزِيزُ الْعَلِيمُ ﴿٧٨﴾

78

തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ വിധിയിലൂടെ അവർക്കിടയിൽ തീർപ്പുകൽപിക്കുന്നതാണ്. അവനത്രെ പ്രതാപിയും സർവജ്ഞനും.

*78). തർക്കിക്കുന്നവർക്കും ഭിന്നിക്കുന്നവർക്കുമിടയിൽ അല്ലാഹു നീതിയോടെ വിധിപറയും. ഭിന്നിക്കുന്നവരുടെ കാരണങ്ങൾ തെളിവിന്റെ പോരായ്മകളോ മറ്റേതെങ്കിലും കാരണങ്ങളോ ആണെങ്കിൽ ആ വിഷയത്തിലെ യാഥാർഥ്യത്തെ അല്ലാഹു വ്യക്തമാക്കും. അവൻ അതിൽ വിധി പറയുന്ന സമയത്ത് (അവനത്രെ പ്രതാപി). അവൻ എല്ലാ സൃഷ്ടികളെയും കീഴ്പ്പെടുത്തുന്ന സർവശക്തനാണ്. (സർവജ്ഞനും) എല്ലാ വീക്ഷണങ്ങളെക്കുറിച്ചും അതിന്റെ പിന്നിലെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും അവനറിയാം. ഓരോ വ്യക്തിയെക്കുറിച്ചും അവനറിയാവുന്നതുകൊണ്ട് അതിനനുസരിച്ച് അവൻ പ്രതിഫലം നൽകും.*

فَتَوَكَّلْ عَلَى اللَّهِ ۖ إِنَّكَ عَلَى الْحَقِّ الْمُبِينِ ﴿٧٩﴾

79

അതിനാൽ നീ അല്ലാഹുവിൽ ഭരമേൽപിച്ചുകൊള്ളുക. തീർച്ചയായും നീ സ്പഷ്ടമായ സത്യത്തിൽ തന്നെയാകുന്നു.

*79). നിങ്ങൾക്ക് ഉപകാരപ്രദമായത് ലഭിക്കാനും ഉപദ്രവങ്ങൾ തടുക്കാനും പ്രബോധനം നിർവഹിക്കാനും ദീനിനെ സ്ഥാപിക്കാനും ശത്രുവിനെതിരെ പോരാടാൻ നിങ്ങളെ സഹായിക്കാനും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ ഭരമേൽപിക്കുക. (തീർച്ചയായും നീ സ്പഷ്ടമായ സത്യത്തിൽ തന്നെയാകുന്നു) കാരണം, താങ്കൾ സത്യത്തിന്റെ പാതയിലാണ്. അതിലേക്കാണ് ക്ഷണിക്കുന്നത്. അതിനെ സഹായിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്ന ഒരാൾ അല്ലാഹുവിൽ ഭരമേൽപിക്കാൻ ഏറ്റവും അവകാശപ്പെട്ടവനാണ്. കാരണം സംശയമോ ആശയക്കുഴപ്പമോ അവ്യക്തതയോ ഇല്ലാത്ത ഉറച്ച ഒരു സത്യത്തിനു വേണ്ടി പരിശ്രമിക്കുന്നു. അതിനാൽ താങ്കളോട് നിർദേശിച്ചത് താങ്കൾ നിർവഹിക്കുകയും അതിൽ അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്താൽ വഴിപിഴച്ച് പോയവന്റെ വഴികേട് താങ്കളെ ബാധിക്കില്ല. അവനെ സന്മാർഗത്തിലാക്കാൻ താങ്കൾക്ക് ഉത്തരവാദിത്തമില്ല എന്ന് അല്ലാഹു പറയുന്നു.*

إِنَّكَ لَا تُسْمِعُ الْمَوْتَىٰ وَلَا تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ ﴿٨٠﴾

80

മരണപ്പെട്ടവരെ നിനക്ക് കേൾപിക്കാനാവുകയില്ല; തീർച്ച. ബധിരൻമാർ പുറംതിരിച്ചു മാറിപ്പോയാൽ അവരെയും നിനക്ക് വിളികേൾപ്പിക്കാനാവില്ല.

*80) (മരണപ്പെട്ടവരെ നിനക്ക് കേൾപിക്കാൻ ആവുകയില്ല; തീർച്ചമാരെയും നിനക്ക് കേൾപ്പിക്കാൻ ആവില്ല). നിങ്ങൾ അവരെ വിളിക്കുമ്പോഴും ക്ഷണിക്കുമ്പോഴും. പ്രത്യേകിച്ചും (അവർ പുറം തിരിഞ്ഞ് മാറിപ്പോയാൽ) കേൾക്കാതിരിക്കുന്നതിന്റെ പരമാവധിയാണ് പുറതിരിഞ്ഞുപോകൽ.*

وَمَا أَنتَ بِهَادِي الْعُمْيِ عَن ضَلَالَتِهِمْ ۖ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِآيَاتِنَا فَهُم مُّسْلِمُونَ ﴿٨١﴾

81

അന്ധൻമാരെ അവരുടെ ദുർമാർഗത്തിൽ നിന്നും നേർവഴിക്ക് കൊണ്ടുവരാനും നിനക്ക് കഴിയില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും തന്നിമിത്തം കീഴൊതുങ്ങുന്നവരായിരിക്കുകയും ചെയ്യുന്നവരെയല്ലാതെ നിനക്ക് കേൾപ്പിക്കാനാവില്ല.

*81) (അന്ധന്മാരെ അവരുടെ ദുർമാർഗത്തിൽനിന്നും നേർവഴിക്ക് കൊണ്ടുവരാനും നിനക്ക് കഴിയില്ല). മറ്റൊരിടത്ത് അല്ലാഹു പറയുന്നു:*

إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَٰكِنَّ اللَّهَ يَهْدِي مَن يَشَاءُ ۚ

*"തീർച്ചയായും നിനക്ക് ഇഷ്ടമുള്ളവരെ നേർമാർഗത്തിൽ ആക്കാൻ നിനക്ക് കഴിയില്ല. എന്നാൽ അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിൽ ആക്കുന്നു" (28:56).*

إِن تُسْمِعُ إِلَّا مَن يُؤْمِنُ بِآيَاتِنَا فَهُم مُّسْلِمُونَ

*"നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും തന്നിമിത്തം കീഴൊതുങ്ങുന്നവരായിരിക്കുകയും ചെയ്യുന്നവരെയല്ലാതെ നിനക്ക് കേൾപിക്കാനാവില്ല" (27:81).*

*അവർ നിങ്ങൾക്ക് കീഴൊതുങ്ങുകയും അല്ലാഹുവിന്റെ വചനങ്ങളിൽ വിശ്വസിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു:*

إِنَّمَا يَسْتَجِيبُ الَّذِينَ يَسْمَعُونَ ۘ وَالْمَوْتَىٰ يَبْعَثُهُمُ اللَّهُ ثُمَّ إِلَيْهِ يُرْجَعُونَ ۝

*"കേൾക്കുന്നവർ മാത്രമെ ഉത്തരം നൽകുകയുള്ളൂ. മരിച്ചവരാകട്ടെ, അല്ലാഹു അവരെ ഉയർത്തെഴുന്നേൽപിക്കുന്നതാണ്. എന്നിട്ട് അവങ്കലേക്ക് അവർ മടക്കപ്പെടുകയും ചെയ്യും" (6:36).*

وَإِذَا وَقَعَ الْقَوْلُ عَلَيْهِمْ أَخْرَجْنَا لَهُمْ دَابَّةً مِّنَ الْأَرْضِ تُكَلِّمُهُمْ أَنَّ النَّاسَ كَانُوا بِآيَاتِنَا لَا يُوقِنُونَ ﴿٨٢﴾

**82** ആ വാക്ക് അവരുടെ മേൽ വന്നുഭവിച്ചാൽ ഭൂമിയിൽ നിന്ന് ഒരു ജന്തുവെ നാം അവരുടെ നേരെ പുറപ്പെടുവിക്കുന്നതാണ്. മനുഷ്യർ നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ദൃഢവിശ്വാസം കൊള്ളാതിരിക്കുകയാകുന്നു എന്ന വിഷയം അത് അവരോട് സംസാരിക്കുന്നതാണ്.

*82). അല്ലാഹു പറഞ്ഞ വാക്കും നിശ്ചയിച്ച സമയവും ജനങ്ങളുടെമേൽ പൂർത്തിയായാൽ (ഭൂമിയിൽ നിന്ന് ഒരു ജീവിയെ നാം അവരുടെ നേരെ പുറപ്പെടുവിപ്പിക്കുന്നതാണ്) പുറത്തുവരുന്നു. (ഭൂമിയിൽ നിന്ന്) ഭൂമിയിലെ മൃഗങ്ങളിൽനിന്ന് ഒന്നിനെ. ആകാശത്തിൽനിന്നുള്ള ജീവിയല്ല. (അവരോട് സംസാരിക്കുന്നതാണ്) നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ജനങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നില്ലെന്ന് അത് അവരോട് പറയും. കാരണം, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലുള്ള ജനങ്ങളുടെ അറിവും വിശ്വാസവും ദുർബലമായിക്കൊണ്ടിരിക്കുകയാണ്. ഈ ജീവിയെ പ്രത്യക്ഷപ്പെടുത്തൽ അല്ലാഹുവിന്റെ ഒരു അത്ഭുത ദൃഷ്ടാന്തമാണ്. ജനങ്ങൾ സംശയിച്ചു കൊണ്ടിരിക്കുന്ന കാര്യങ്ങളിൽ അവർക്ക് വ്യക്തത നൽകാൻ വേണ്ടി അന്ത്യനാളിൽ പ്രത്യക്ഷപ്പെടുന്ന ഈ ജീവി പ്രസിദ്ധമാണ്. പല നബിവചനങ്ങളിലും വന്നതുപോലെ ഇത് അന്ത്യനാളിന്റെ ലക്ഷണങ്ങളിൽ പെട്ടതാണ്. അതിനെ വിവരിക്കാനും അത് ഏതുതരം മൃഗമാണെന്ന് പറയാനും വ്യക്തമായ തെളിവുകളില്ല. അത് വരുന്നതിന്റെ ഉദ്ദേശ്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്. അത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒന്നാണ്. അതിന്റെ സംസാരം അസാധാരണമായ ഒന്നായി ജനങ്ങൾക്ക് തോന്നും. അവർ അല്ലാഹുവിന്റെ ദൃഷ്ടാന്തത്തിൽ സംശയിക്കും. അത് വിശ്വാസികൾക്ക് ഒരു തെളിവും പ്രമാണവും ആയിരിക്കും. നിഷേധികൾക്കാവട്ടെ അവർക്കെതിരായ തെളിവും.*



# സമസ്ത ശതാബ്ദി ആഘോഷവും പിന്തിരിപ്പൻ പ്രമേയങ്ങളും

മൂസ സ്വലാഹി കാര
: 97473 45768

ശിയാ-സൂഫി സരണികളെ പിൻപറ്റി നിലനിൽക്കുന്ന സമസ്തക്കാർ അവരുടെ നൂറാം വാർഷികം ആഘോഷിക്കുകയുണ്ടായി. കഴിഞ്ഞകാല സമ്മേളനങ്ങളിലെല്ലാം ചെയ്തതുപോലെത്തന്നെ തങ്ങളുടെ വികലമായ ആശയ പരിരക്ഷക്കും സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്നുണ്ടെന്ന് അറിയിക്കുന്നതിനുമായി കുറെ പ്രമേയങ്ങൾ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായി. അവയിൽ അഹ്‌ലുസ്സുന്നയുടെ ആദർശത്തോടുള്ള വെറുപ്പും അന്ധവിശ്വാസങ്ങളോടുള്ള താൽപര്യവും പ്രകടമാക്കുന്ന പ്രമേയങ്ങളുണ്ട്. അവയെ പ്രാമാണികമായൊന്ന് വിശകലനം ചെയ്യേണ്ടതുണ്ട്.

**അന്ധമായ അനുകരണത്തെ അരക്കിട്ടുറപ്പിക്കുന്നു!**

വിശ്വാസ-കർമ വിഷയങ്ങളിൽ അന്ധമായ അനുകരണം പ്രമാണമാക്കുക എന്നതസമസ്തയുടെ തുടക്ക കാലം തൊട്ടേ മുസ്‌ലിയാക്കന്മാരുടെ ശീലമാണ്. ഹിജ്റ നാലാം തലമുറക്ക് ശേഷം ശിയാക്കളും സൂഫികളും കാണിച്ചുതന്ന രീതിയാണിത്. എന്നാൽ മതവിഷയങ്ങൾ പഠിക്കേണ്ടതും അതിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതും അടിസ്ഥാന പ്രമാണങ്ങളായ ക്വുർആനും നബിചര്യയും അവലംബിച്ചാണ്. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യ കർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).


ഇത്ര വ്യക്തതയുള്ള കാര്യത്തിനു നേരെ മുസ്‌ലിയാക്കന്മാർ പ്രമേയത്തിലൂടെ കൊഞ്ഞനം കുത്തുന്നത് കാണുക:

"കർമ്മ ശാസ്ത്രപരമായി നാലിൽ ഒരു മദ്ഹബ് പിൻപറ്റുകയും വിശ്വാസപരമായി അശ്അരി, മാതുരീദി സരണികളിൽ ഒന്ന് സ്വീകരിക്കുകയും ചെയ്യുന്നതിലാണ് യഥാർത്ഥ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ പാരമ്പര്യവും സമസ്തയുടെ മൻഹജും നിലനിൽക്കുന്നത്. എന്നാൽ, സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി പ്രാമാണികരായ പൂർവിക പണ്ഡിതന്മാരുടെ കർമശാസ്ത്രപരമായ അഭിപ്രായങ്ങളെ അവഗണിച്ച് സ്വന്തം അഭിപ്രായങ്ങൾക്ക് മുൻഗണന നൽകി സ്വയം ഇജ്തിഹാദികളാകുന്ന പ്രവണത തികച്ചും ഇസ്‌ലാമിക വിരുദ്ധമാണ്. മഖാസിദുശ്ശരീഅ:, ഫിഖ്ഹുൽ അഖല്ലിയാത്ത് തുടങ്ങിയ സാങ്കേതിക പദങ്ങളെ ദുരുപയോഗം ചെയ്ത് ചിലർ നടത്തിക്കൊണ്ടിരിക്കുന്ന ഈ പുതിയ ഗവേഷണ രീതി പൂർണമായും

തള്ളിക്കളയണമെന്നും പൂർവ സൂരികളായ ഇമാമുകൾ വരച്ചു വച്ച മദ്ഹബീപാതയിൽ പൂർണ മായും ഉറച്ചുനിൽക്കണമെന്നും സമസ്ത നൂറാം വാർഷിക സമ്മേ ളനം ഈ പ്രമേയത്തിലൂടെ ആവ ശ്യപ്പെടുന്നു" (പ്രമേയം 1).

ഏതെങ്കിലൊമൊരു പണ്ഡിത നിലേക്ക് ചേർക്കപ്പെട്ട അഭിപ്രാ യങ്ങളെല്ലാം അതേപടി പിൻപ റ്റുകയല്ല, മറിച്ച് തെളിവുകളുടെ വെളിച്ചത്തിൽ പ്രബലമാക്കപ്പെട്ട ത് പകർത്തുകയും പകരുകയും ചെയ്യുക എന്നതാണ് അഹ്ലുസ്സു ന്നയുടെ പണ്ഡിതന്മാർ കാണിച്ച ത്. ഈ സ്വഭാവമില്ലാത്തവർക്ക് അഹ്ലുസ്സുന്നയുടെ 'മൻഹജ്' ഉണ്ടാകുന്നതെങ്ങനെയാണ് ? ശിയാ-സൂഫീ ചിന്തകളോട് ചേർ ന്നുണ്ടായ അശ്അരി, മാതുരീദി വഴികൾ യഥാർഥ അഹ്ലുസ്സു ന്നയോട് ബന്ധമില്ലാത്തതാക യാൽ വിശ്വാസ വിഷയങ്ങളിൽ അവയെ സ്വീകരിക്കാൻ ആഹ്വാ നം ചെയ്യുക എന്നത് ശരിയായ പാരമ്പര്യമാകുമോ? ഗവേഷണ ത്തിന്റെ വാതിലുകൾ കൊട്ടിയട ക്കപ്പെട്ടതാണെന്ന് വാതോരാതെ പറഞ്ഞിരുന്നവർ തൊട്ടതിനും പിടിച്ചതിനുമൊക്കെ ഗവേഷണം നടത്തി മത്സരിക്കുന്നത് സ്ഥിരം കാഴ്ചയായിട്ടുണ്ട്.

നാല് മദ്ഹബുകളുടെ ഇമാ മുമാരിൽ ആരുംതന്നെ അന്ധ മായി അവരെ അനുകരിക്കാൻ പറഞ്ഞിട്ടില്ല. ഇമാം അഹ്മദ് ബിൻ ഹമ്പൽ(റഹി) പറഞ്ഞു: "നീ എന്നെയോ മാലികിനെയോ ശാഫിഈയെയോ സൗരിയെയോ അനുകരിക്കരുത്. ഞങ്ങൾ പഠിച്ച തുപോലെ നീ പഠിക്കുക. നിന്റെ മതത്തിലുള്ളവരെ നീ അനുകരി ക്കരുത്. കാരണം അവർ തെറ്റു കളിൽനിന്ന് മുക്തരല്ല."




മരണപ്പെട്ടവരോടുള്ള ഇസ്തിഗാസയും ജാറനിർമാണവുമെല്ലാം നിഷിദ്ധമാണെന്ന ഇമാമുമാരുടെ അഭിപ്രായം സമസ്ത ഉൾക്കൊള്ളു ന്നുണ്ടോ? ശാഫിഈ മദ്ഹബിന്റെ പക്ഷംപിടിക്കുന്നവർക്ക് സൂഫി സത്തിന്റെ പൊള്ളത്തരത്തെ കുറിച്ച് അദ്ദേഹം പറഞ്ഞ 'പകലിന്റെ ആരംഭത്തിൽ ഒരാൾ സൂഫിയായാൽ ഉച്ചയാകുമ്പോഴേക്ക് അയാൾ വിഡ്ഢിയാകും' എന്നതിനോട് യോജിക്കാൻ കഴിയുമോ? മഹാന്മാരു ടെ ഹക്ക്, ജാഹ്, ബറകത്ത് എന്നിവ കൊണ്ടുള്ള ഇടതേട്ടവും നിർ ബന്ധനമസ്കാര ശേഷമുള്ള കൂട്ടുപ്രാർഥനയും ശാഫിഈ മദ്ഹ ബ് പ്രകാരം പാടില്ലെന്നത് ഇവർ വിശ്വസിക്കാൻ തയ്യാറാകുമോ? ശരീഅത്തിന്റെ ലക്ഷ്യങ്ങളെയും ഓരോ സന്ദർഭത്തിലുമുണ്ടാകുന്ന പുതിയ പ്രശ്നങ്ങളെയും കർമശാസ്ത്രപരമായി എങ്ങനെ അഭിമു ഖീകരിക്കണം എന്നതിനെയും പറ്റി ഉത്തമ ബോധ്യമുള്ള പണ്ഡി തന്മാരുടെ ഏകോപനത്തെ 'പുതിയ ഗവേഷണ രീതി' എന്നു പറ ഞ്ഞ് പരിഹസിച്ച് തള്ളുന്നത് ഒരുതരം രോഗമാണ്.

**അഹ്ലുസ്സുന്നയും സമസ്തയുടെ അടങ്ങാത്ത അമർഷവും**

മുസ്ലിയാക്കന്മാർക്ക് ഏറ്റവും വലിയ കുടുക്കും കുരുക്കുമായ പ്രശ്നം ഇസ്ലാമിന്റെ അടിത്തറയായ തൗഹീദ് മാറ്റിവെച്ച് ശിയാ-സൂഫീ കൃത്രിമ തൗഹീദിനെ ആദർശമായി തെരഞ്ഞെടുത്തു എന്നതാ ണ്. മരണപ്പെട്ട മഹാന്മാർക്ക് എന്തും ചെയ്യാനുള്ള കഴിവ് അല്ലാഹു

കൊടുത്തിട്ടുണ്ടെന്ന 'ശിയാക്കളുടെ തൗഹീദിനെ'യും ശരീഅത്തിൽ കയറി, ത്വരീഖത്തിൽ മുങ്ങി അല്ലാഹുവിൽ ലയിക്കാൻ ഹഖീഖത്ത് പ്രാപിക്കണമെന്ന 'സൂഫികളുടെ തൗഹീദിനെ'യും ഇവർ പുണരുകയാണുണ്ടായത്.

ഈ വികലമായ ആശയങ്ങളെ ആണിയടിച്ചുറപ്പിക്കാനും ഇവർ പ്രമേയം പാസ്സാക്കിയത് കാണുക: "പരിശുദ്ധ ഖുർആനും തിരുസുന്നത്തും സലഫുസ്സ്വാലിഹീങ്ങളും പഠിപ്പിച്ചതന്ന യഥാർത്ഥ തൗഹീദിനെ വികലമായി വ്യാഖ്യാനിച്ച് മുസ്‌ലിം സമുദായത്തിൽ ഭിന്നതയുണ്ടാക്കുന്ന വഹാബി പ്രസ്ഥാനങ്ങളുടെ ആദർശ വൈരുദ്ധ്യങ്ങൾക്കെതിരെ സമൂഹം ജാഗ്രത പാലിക്കണമെന്ന് ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നു. മുൻഗാമികളായ പണ്ഡിതന്മാരെയും ഔലിയാക്കളെയും തള്ളിപ്പറഞ്ഞും സുന്നി വിശ്വാസികളെ മുശ്‌രിക്കുകളായി മുദ്രകുത്തിയും രംഗത്തുവന്ന വഹാബിസം കാലക്രമേണ തങ്ങൾ തന്നെ നിർമ്മിച്ചെടുത്ത തൗഹീദ് സങ്കൽപ്പങ്ങളിൽ വെള്ളം ചേർക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ജിന്ന്, സിഹ്റ് തുടങ്ങിയ വിഷയങ്ങളിൽ തൗഹീദിലുണ്ടായ ആശയക്കുഴപ്പങ്ങളും ഗ്രൂപ്പ് വഴക്കുകളും ഇവരുടെ ആദർശാടിത്തറ എത്രത്തോളം ദുർബലമാണെന്ന് തെളിയിക്കുന്നു. കേവല യുക്തി ചിന്തയുടെയും ഭൗതിക സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ വിശേഷണങ്ങളെയും പ്രവാചക ചര്യയെയും വ്യാഖ്യാനിക്കുന്നതിലൂടെ വിശ്വാസികളെ വഴിതെറ്റിക്കുന്ന ഇത്തരം നവീനവാദികളെ തിരിച്ചറിയണമെന്നും അഹ്‌ലുസ്സുന്നയുടെ പാവനമായ ആദർശപാതയിൽ അടിയുറച്ചു നിൽക്കണമെന്നും ഈ പ്രമേയം വിശ്വാസിസമൂഹത്തെ ഉണർത്തുകയും ഭക്തിയുടെ വേഷം കെട്ടി വഹാബിസത്തിലേക്ക് വിശ്വാസികളെ റിക്രൂട്ട് ചെയ്യുന്ന തബ്‌ലീഗ് ജമാഅത്തിനെ കരുതിയിരിക്കണമെന്നും സമസ്ത നൂറാം വാർഷിക സമ്മേളനം ആഹ്വാനം ചെയ്യുന്നു" (പ്രമേയം 3).

സത്യത്തിലേക്ക് സമൂഹത്തെ തിരിച്ചുവിളിക്കാൻ പരിശ്രമിച്ചവരാണ് മുജാഹിദുകൾ. ആദ്യത്തെ പണ്ഡിത സഭയായ കേരള ജംഇയ്യത്തുൽ ഉലമയുടെ നിലപാടുകളെ ഇട്ടെറിഞ്ഞ് പോയ സമസ്തയാണ് ഭിന്നതയുടെ ആളുകളെന്നത് ചരിത്രം മരിക്കാത്തിടത്തോളം മായുകയില്ല. ആരാധനയാകുന്ന പ്രാർഥനയും സഹായ തേട്ടവുമൊക്കെ അല്ലാഹുവിന് മാത്രം നൽകുന്നവർ വികല വാദികളാണെങ്കിൽ അത് കൽപിച്ച പ്രമാണങ്ങളെ വികലവാദ സമാഹാരമായി ഇവർ പരിചയപ്പെടുത്തുമോ? അല്ലാഹു പറയുന്നു: "അല്ലാഹുവിന് പുറമെ അവന്ന് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത വസ്തുക്കളെ അവൻ വിളിച്ചു പ്രാർഥിക്കുന്നു. അതു തന്നെയാണ് വിദൂരമായ വഴികേട്" (22:12).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹി)പറയുന്നു: "ബിംബങ്ങളും പകരക്കാരുമായ ആരാധ്യന്മാർ. അവയോട് സഹായവും പിന്തുണയും ഉപജീവനവും തേടുന്നു. അവയ്ക്ക് ഒരു ഗുണമോ ദോഷമോ ചെയ്യാൻ കഴിയില്ല."

തൗഹീദിന്റെ അന്തസ്സത്തയെ നിരാകരിച്ച്, മരിച്ചുപോയ നബിമാരോടും വലിയ്യുകളോടും സ്വാലിഹുകളോടും നേരിട്ട് സഹായത്തിന്നപേക്ഷിക്കാമെന്ന് 1933ലെ 6-ാം സമ്മേളനത്തിലെ 8-ാം പ്രമേയത്തിലൂടെ പാസ്സാക്കിയ സമസ്തയല്ലേ അക്ഷരാർഥത്തിൽ നവീന വാദികൾ? പ്രാർഥന അല്ലാഹുവിനോട് മാത്രമെന്നത് ഇബ്‌ലീസിന്റെ വാദമാണെന്ന് പ്രചരിപ്പിച്ചവർക്കും അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കൽ അനുവദനീയമാണെന്ന് ഫത്‌വ പുറപ്പെടുവിച്ചവർക്കും 'അഹ്‌ലുസ്സുന്നയുടെ പാവന ആദർശം' അവകാശപ്പെടാൻ എന്തർഹതയാണുള്ളത്? അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവരെ ആരാധിക്കുന്നതിൽനിന്ന് തീർച്ചയായും ഞാൻ വിലക്കപ്പെട്ടിരിക്കുന്നു. പറയുക: നിങ്ങളുടെ തന്നിഷ്ടങ്ങളെ ഞാൻ പിന്തുടരുകയില്ല. അങ്ങനെ ചെയ്യുന്നപക്ഷം ഞാൻ പിഴച്ചുകഴിഞ്ഞു; സൻമാർഗം പ്രാപിച്ചവരുടെ കൂട്ടത്തിൽ ഞാൻ ആയിരിക്കുകയുമില്ല' (6:56).

തൗഹീദിന്റെ മാർഗത്തിൽ ജീവിക്കുന്നവരെ പിഴച്ചവരെന്ന് മുദ്രകുത്തുന്നവർ വ്യാജ തൗഹീദിന്റെ പേരിൽ കലഹിച്ചുകൊണ്ടിരിക്കുന്നതാണ് നാമിന്നു കാണുന്നത്. അല്ലാഹു പറയുന്നു: "...തീർച്ചയായും അക്രമികൾ (സത്യത്തിൽനിന്ന്) വിദൂരമായ കക്ഷിമാത്സര്യത്തിലാകുന്നു. വിജ്ഞാനം നൽകപ്പെട്ടിട്ടുള്ളവർക്കാകട്ടെ ഇത് നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള സത്യം തന്നെയാണെന്ന് മനസ്സിലാക്കിയിട്ട് ഇതിൽ വിശ്വസിക്കുവാനും അങ്ങനെ അവരുടെ ഹൃദയങ്ങൾ ഇതിന്ന് കീഴ്പെടുവാനുമാണ് (അത് ഇടയാക്കുക). തീർച്ചയായും അല്ലാഹു സത്യവിശ്വാസികളെ നേരായ പാതയിലേക്ക് നയിക്കുന്നവനാകുന്നു" (22:53,54).

*(തുടരും)*



# സമയം: ഒരു അമൂല്യ സമ്പത്ത് 2

മുഫീദ് പാലക്കാഴി
: 9207520344

**ഗഫ്‌ലത്ത്**

സമയത്തെക്കുറിച്ചുള്ള അശ്രദ്ധയെ 'ഗഫ്‌ലത്ത്' എന്ന് വിശേഷിപ്പിക്കാം. ഇത് ഹൃദയത്തെ ബാധിക്കുന്ന ഒരു മാരക രോഗമാണ്. അല്ലാഹുവിനെക്കുറിച്ചും ജീവിത ലക്ഷ്യത്തെക്കുറിച്ചും മരണത്തെക്കുറിച്ചും ബോധമില്ലാതെ ഭൗതികമായ കാര്യങ്ങളിൽ മാത്രം മുഴുകിയിരിക്കുന്ന അവസ്ഥയാണിത്. ഗഫ്‌ലത്ത് ഉള്ളവർ സമയത്തിന്റെ വില തിരിച്ചറിയുന്നില്ല.

ഖുർആനും ഹദീസും ഗഫ്‌ലത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നുണ്ട്.

*ആത്മീയ അന്ധത:* പ്രകൃതിയിലെ, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ.

*ഹൃദയത്തിന് സീൽ വെക്കൽ:* നിരന്തരം അശ്രദ്ധ കാണിക്കുന്നവരുടെ ഹൃദയവും കേൾവിയും കാഴ്ചയും മുദ്രവെക്കപ്പെടുന്നു:

"ഹൃദയങ്ങൾക്കും കേൾവിക്കും കാഴ്ചകൾക്കും അല്ലാഹു മുദ്രവെച്ചിട്ടുള്ള ഒരു വിഭാഗമാകുന്നു അക്കൂട്ടർ. അക്കൂട്ടർ തന്നെയാകുന്നു അശ്രദ്ധർ" (ഖുർആൻ 16:108). പിന്നീട് അവർക്ക് സത്യം തിരിച്ചറിയാൻ കഴിയില്ല.

*മൃഗങ്ങളെക്കാൾ താഴ്ന്ന അവസ്ഥ:* ബുദ്ധിയും വിവേചന ശക്തിയും ഉപയോഗിക്കാതെ, കേവലം ഭക്ഷണത്തിനും സുഖാഡംബരങ്ങൾക്കുമായി സമയം ചെലവഴിക്കുന്നവരെ അല്ലാഹു മൃഗങ്ങളോടാണ് ഉപമിക്കുന്നത്:

"ജിന്നുകളിൽനിന്നും മനുഷ്യരിൽനിന്നും ധാരാളം പേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്. അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ" (7:179).

*മരണസമയത്തെ ഖേദം:* ഗഫ്‌ലത്തിൽ കഴിയുന്നവർ മരിക്കുമ്പോഴാണ് അവരുടെ കാഴ്ചയ്ക്ക് തെളിച്ചമുണ്ടാകുന്നത്. അന്ന് അവർ തങ്ങൾ പാഴാക്കിയ നിമിഷങ്ങളെക്കുറിച്ച് ഖേദിക്കുമെങ്കിലും തിരിച്ചുവരവ് അസാധ്യമായിരിക്കും.

*പിശാചിന്റെ സാമീപ്യം:* അല്ലാഹുവിന്റെ സ്മരണയിൽനിന്ന് വി

ട്ടുനിൽക്കുന്നവരിലേക്ക് പിശാച് എളുപ്പത്തിൽ അടുക്കുന്നു.

ഗഫ്‌ലത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഏക മാർഗം അല്ലാഹുവിനെക്കുറിച്ചുള്ള നിരന്തരമായ സ്മരണയും മരണത്തെക്കുറിച്ചുള്ള ഓർമയുമാണ്.

ഇസ്‌ലാമിക ചരിത്രത്തിലെ മഹത്തുക്കളായ പണ്ഡിതന്മാർ സമയത്തെ അങ്ങേയറ്റം മൂല്യമുള്ള ഒന്നായാണ് കണ്ടിരുന്നത്. അവരുടെ വിജ്ഞാന വിപ്ലവത്തിന് പിന്നിലെ രഹസ്യം ഓരോ സെക്കന്റും അവർ കണക്കാക്കി ചെലവഴിച്ചു എന്നതാണ്.

ഇമാം ശാഫിഈ(റഹി) പറഞ്ഞു: "സമയം ഒരു വാൾ പോലെയാണ്, നീ അതിനെ മുറിച്ചില്ലെങ്കിൽ അത് നിന്നെ മുറിക്കും." സമയത്തെ നാം നിയന്ത്രിച്ചില്ലെങ്കിൽ സമയം നമ്മെ നിയന്ത്രിക്കുകയും നാം അറിയാതെ തന്നെ ജീവിതം അവസാനിക്കുകയും ചെയ്യും എന്നർഥം.

ഇബ്നുൽ ജൗസി(റഹി) നൂറു കണക്കിന് കനപ്പെട്ട ഗ്രന്ഥങ്ങളെഴുതിയ മഹാനാണ്. സമയം പാഴാക്കാതിരിക്കാൻ സന്ദർശകർ വരുമ്പോൾ പോലും അദ്ദേഹം പേന ചെത്തി വെക്കുന്ന ജോലി ചെയ്യുമായിരുന്നുവത്രെ! അനാവശ്യമായ സംസാരങ്ങളിൽ ഏർപ്പെടാതെ കൈകൾക്ക് പണി നൽകുകയായിരുന്നു അദ്ദേഹം ചെയ്തത്.

മുൻകാല പണ്ഡിതന്മാർ ഉറക്കവും ഭക്ഷണവും ആവശ്യത്തിന് മാത്രമാക്കി ആരാധനയിലും വിജ്ഞാനത്തിലും മുഴുകി. അവരുടെ ഓരോ നിമിഷവും അല്ലാഹുവിനായി സമർപ്പിക്കപ്പെട്ടതായിരുന്നു.

**സാമൂഹിക ബന്ധങ്ങളും സമയവും**

സമയം വിനിയോഗിക്കുമ്പോൾ സാമൂഹികമായ ബാധ്യതകൾ നിറവേറ്റുന്നതും ഇസ്‌ലാമിക വീക്ഷണത്തിൽ പ്രധാനമാണ്. തിരക്കിനിടയിൽ കുടുംബത്തെയും സുഹൃത്തുക്കളെയും അവഗണിക്കുന്നത് ശരിയല്ല. പ്രവാചകൻ(സ്വ) തന്റെ തിരക്കുകൾക്കിടയിലും കുടുംബത്തോടൊപ്പം സമയം ചെലവഴിച്ചിരുന്നു. അദ്ദേഹം തന്റെ ഭാര്യമാരെ സന്ദർശിക്കാനും അവരുടെ വിശേഷങ്ങൾ അറിയാനും ഓരോ ദിവസവും നിശ്ചിത സമയം മാറ്റിവെച്ചിരുന്നു.

മറ്റുള്ളവരുടെ സമയത്തിന് വിലകൽപിക്കുന്നത് ഒരു വിശ്വാസിയുടെ ഗുണമാണ്. വാഗ്ദാനം പാലിക്കുന്നത് സമയനിഷ്ഠയുമായി ബന്ധപ്പെട്ടതാണ്. ഒരാൾക്ക് സമയം നൽകിയാൽ അത് കൃത്യമായി പാലിക്കണമെന്നും വൈകുന്നത് മറ്റുള്ളവർക്ക് പ്രയാസമുണ്ടാക്കുമെന്നും നബി(സ്വ) പഠിപ്പിച്ചു.

പ്രവാചകൻ(സ്വ) തന്റെ പ്രസംഗങ്ങൾ ചുരുക്കി നടത്തുമായിരുന്നു. ജനങ്ങളുടെ സമയത്തെ അദ്ദേഹം അങ്ങേയറ്റം വിലമതിച്ചു. കുട്ടികളുടെ കരച്ചിൽ കേട്ടാൽ അദ്ദേഹം നമസ്കാരം ചുരുക്കുമായിരുന്നു. ഇത് മറ്റുള്ളവരുടെ പ്രയാസങ്ങളെ മാനിക്കുന്നതിന്റെ ഭാഗമാണ്.

**പ്രായോഗിക ടൈം മാനേജ്മെന്റ്**

നമസ്കാരം: ജോലികൾ നമസ്കാര സമയങ്ങൾക്കിടയിൽ ക്രമീകരിക്കുക.

ആത്മവിചാരണ: ദിവസവും ഉറങ്ങുന്നതിന് മുൻപ് അന്ന് ചെയ്ത കാര്യങ്ങളെക്കുറിച്ച് സ്വയം വിചാരണ നടത്തുക. എവിടെയാണ് സമയം പാഴായത് എന്ന് കണ്ടെത്തുകയും തിരുത്തുകയും ചെയ്യുക.


മുൻഗണനാക്രമം പാലിക്കുക: ഓരോ കാര്യത്തിന്റെയും പ്രസക്തിയും പ്രാധാന്യവും പ്രാധാന്യമില്ലായ്മയും മനസ്സിലാക്കി, ആദ്യം ചെയ്യേണ്ടത് ആദ്യം ചെയ്യുക. അല്ലാഹുവിനോടുള്ള ബാധ്യതകൾക്കായിരിക്കണം മുൻഗണന.

ടെക്നോളജി മിതമായി ഉപയോഗിക്കുക: സോഷ്യൽ മീഡിയയുടെ ഉപയോഗം നിയന്ത്രിക്കുക. അത് സമയത്തെ കൊല്ലുന്ന ഒന്നാകാതിരിക്കാൻ ശ്രദ്ധിക്കുക.

ഓരോ മനുഷ്യനും നൽകപ്പെട്ടിട്ടുള്ള സമയം കൃത്യമാണ്; അത് നീട്ടാനോ കുറയ്ക്കാനോ ആർക്കും സാധ്യമല്ല. സമയം പാഴാക്കുന്നത് ജീവിതം തന്നെ പാഴാക്കുന്നതിന് തുല്യമാണ്.

യഥാർഥ വിജയം സമയത്തെ ഭൗതിക ലാഭങ്ങൾക്കായി ഉപയോഗിക്കുന്നതിനൊപ്പം പരലോകത്തേക്കുള്ള നിക്ഷേപമായി മാറ്റുന്നതിലുമാണ്. ആരാധനകളും ജോലിയിലുള്ള സത്യസന്ധതയും കുടുംബത്തോടുള്ള പെരുമാറ്റവുമെല്ലാം സമയ മാനേജ്മെന്റിന്റെ ഭാഗമാണ്. അതിനാൽ, അശ്രദ്ധയുടെ ഉറക്കത്തിൽനിന്ന് ഉണർന്ന്, പ്രവാചക മാതൃക പിന്തുടർന്ന്, ഓരോ നിമിഷത്തെയും ധന്യമാക്കാൻ ശ്രമിക്കുന്നവനാണ് യഥാർഥ ബുദ്ധിമാൻ. സമയം ഒരു അമാനത്താണെന്ന ബോധ്യം ഓരോ വിശ്വാസിയുടെയും ഓരോ ശ്വാസത്തിലും ഉണ്ടായിരിക്കണം. കടന്നുപോകുന്ന ഓരോ സെക്കന്റും നമ്മുടെ ജീവിതത്തിന്റെ ഭാഗമാണെന്ന ബോധ്യത്തോടെ അവയെ ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് സാധിക്കണം.

*(അവസാനിച്ചു)*



# അടിയുറച്ച വിശ്വാസത്തിന്റെ ഉപമ

ഇബ്നുൽ ക്വയ്യിം
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

ഉയരത്തിൽ ഒരു കെട്ടിടം പണിയാൻ ആഗ്രഹിക്കുന്ന ഏതൊരാളും അതിന്റെ അടിത്തറയെ ശക്തിപ്പെടുത്തുകയും സ്ഥിരപ്പെടുത്തുകയും അതിൽ വളരെയധികം ശ്രദ്ധ ചെലുത്തുകയും വേണം. കാരണം, ഒരു കെട്ടിടത്തിന്റെ ഉയരം നിർണയിക്കുന്നത് അതിന്റെ അടിത്തറയുടെ ഉറപ്പും സ്ഥിരതയുമാണ്.

കർമങ്ങളും പുണ്യത്തിന്റെ പദവികളും ഒരു കെട്ടിടം പോലെയാണ്; അതിന്റെ അടിത്തറ വിശ്വാസമാണ്. അടിത്തറ ഉറച്ചതാണെങ്കിൽ, അതിന് ആ കെട്ടിടത്തെ താങ്ങിനിറുത്താനും പിന്നീട് അതിനെ ഉയരത്തിൽ നിർമിക്കാനും സാധിക്കും. അടിത്തറ ഉറച്ചതാണെങ്കിൽ, കെട്ടിടത്തിൽനിന്ന് ഏതെങ്കിലും ഒരു ഭാഗം തകർന്നാലും, അത് നന്നാക്കാൻ എളുപ്പമാണ്. അടിത്തറ ഉറച്ചതല്ലെങ്കിൽ, കെട്ടിടം ഉയരത്തിൽ നിർമിക്കാൻ സാധിക്കുകയില്ല, സ്ഥിരതയുണ്ടാവുകയുമില്ല. ഇനി അടിത്തറയിൽനിന്ന് എന്തെങ്കിലും തകർന്നാൽ, കെട്ടിടം വീഴുകയോ വീഴാറാകുകയോ ചെയ്യും.

ജ്ഞാനിയായ വ്യക്തി അടിത്തറയെ ഉറപ്പിക്കുന്നതിലും സ്ഥിരപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതേസമയം അജ്ഞനായ വ്യക്തി അടിത്തറയില്ലാതെ പണിയുന്നു; അവന്റെ കെട്ടിടം ഉടൻ തന്നെ തകരും. അല്ലാഹു പറയുന്നു: "അല്ലാഹുവെ സംബന്ധിച്ച ഭക്തിയിൻമേലും അവന്റെ പ്രീതിയിൻമേലും തന്റെ കെട്ടിടം സ്ഥാപിച്ചവനോ അതല്ല, പൊളിഞ്ഞുവീഴാൻ പോകുന്ന ഒരു മണൽതിട്ടയുടെ വക്കത്ത് കെട്ടിടം സ്ഥാപിക്കുകയും എന്നിട്ടത് തന്നെയും കൊണ്ട് നരകാഗ്നിയിൽ പൊളിഞ്ഞുവീഴുകയും ചെയ്തവനോ കൂടുതൽ ഉത്തമൻ?" (തൗബ: 109).

മനുഷ്യശരീരത്തിന് ആരോഗ്യം എത്രത്തോളം ആവശ്യമാണോ അതുപോലെയാണ് കർമങ്ങൾ കെട്ടിപ്പടുക്കുന്നതിനുള്ള അടിത്തറ. ഒരാളുടെ ആരോഗ്യം ശക്തമാകുമ്പോൾ, അത് ശരീരത്തെ പിന്തുണയ്ക്കുകയും പല ശാരീരിക പ്രയാസങ്ങളിൽനിന്നും സംരക്ഷിക്കുകയും ചെയ്യും. എന്നാൽ, ഒരാളുടെ ആരോഗ്യം ദുർബലമാകുമ്പോൾ ശരീരത്തെ പിന്തുണക്കാനുള്ള കഴിവ് ദുർബലമാവുകയും ശാരീരികപ്രയാസങ്ങളും ബുദ്ധിമുട്ടുകളും വേഗത്തിൽ കടന്നുവരികയും ചെയ്യും.

അതുകൊണ്ട്, വിശ്വാസത്തിന്റെ അടിത്തറയുടെ ബലത്തിൽ നിങ്ങളുടെ കെട്ടിടം

**ജ്ഞാനിയായ വ്യക്തി അടിത്തറയെ ഉറപ്പിക്കുന്നതിലും സ്ഥിരപ്പെടുത്തുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അതേസമയം അജ്ഞനായ വ്യക്തി അടിത്തറയില്ലാതെ പണിയുന്നു; അവന്റെ കെട്ടിടം ഉടൻ തന്നെ തകരും. അല്ലാഹു പറയുന്നു: "അല്ലാഹുവെ സംബന്ധിച്ച ഭക്തിയിൻമേലും അവന്റെ പ്രീതിയിൻമേലും തന്റെ കെട്ടിടം സ്ഥാപിച്ചവനോ അതല്ല, പൊളിഞ്ഞുവീഴാൻ പോകുന്ന ഒരു മണൽതിട്ടയുടെ വക്കത്ത് കെട്ടിടം സ്ഥാപിക്കുകയും എന്നിട്ടത് തന്നെയും കൊണ്ട് നരകാഗ്നിയിൽ പൊളിഞ്ഞുവീഴുകയും ചെയ്തവനോ കൂടുതൽ ഉത്തമൻ?" (തൗബ: 109).**

പണിയുക; കാരണം കെട്ടിടത്തിന്റെ മുകൾ ഭാഗത്തോ അതിന്റെ പ്രതലത്തിലോ എന്തെങ്കിലും അസ്ഥിരമാകുകയാണെങ്കിൽ, അടിത്തറ തകർന്നുവീഴുന്നതിനെക്കാൾ എളുപ്പത്തിൽ അത് പരിഹരിക്കാൻ നിങ്ങൾക്ക് കഴിയും.

ഈ അടിത്തറയ്ക്ക് രണ്ടു ഘടകങ്ങളുണ്ട്: ഒന്ന്, അല്ലാഹുവിനെക്കുറിച്ചും അവന്റെ കൽപനകളെക്കുറിച്ചും അവന്റെ നാമങ്ങളെക്കുറിച്ചും ഗുണങ്ങളെക്കുറിച്ചുമുള്ള കൃത്യമായ അറിവ്. രണ്ട്, അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള പൂർണമായ സമർപ്പണം. അല്ലാഹുവിന്റെ ഒരു ദാസന് തന്റെ കെട്ടിടം നിർമിക്കാൻ കഴിയുന്ന ഏറ്റവും വിശ്വസനീയമായ അടിത്തറയാണിത്. അതിന്റെ ശക്തിയനുസരിച്ച്, കെട്ടിടം അവൻ ആഗ്രഹിക്കുന്നത്രയും ഉയരത്തിൽ നിർമിക്കാൻ സാധിക്കും.

അതുകൊണ്ട് അടിത്തറ ശക്തിപ്പെടുത്തുക; ആ ശക്തിയെ നിലനിർത്തുക, അത് സംരക്ഷിക്കാനുള്ള ചിട്ട പാലിക്കുക, ഉള്ളിൽ വൃത്തികേടുകൾ വർധിക്കുകയാണെങ്കിൽ സ്വയം ശുദ്ധീകരിക്കുക, മിതത്വം പാലിക്കുക. എങ്കിൽ നിങ്ങൾ ആഗ്രഹിച്ച ലക്ഷ്യത്തിലെത്തും. അതല്ലെങ്കിൽ, ശക്തി ദുർബലമായിരിക്കുന്നിടത്തോളം കാലം, അവരുടെ ഉപജീവനമാർഗം ദുഷിച്ചതാകും; ദോഷകരമായ കാര്യങ്ങളിൽനിന്ന് മുക്തനാകുകയും ചെയ്യുകയില്ല. പിന്നെ അവന്റെ അവസ്ഥ ഒരു കവി പറഞ്ഞതുപോലെയായിരിക്കും:

'അതുകൊണ്ട് ജീവിതത്തോട് സലാം പറയുക, കാരണം അത് അതിന്റെ ആസന്നമായ വേർപാടിനെക്കുറിച്ച് നിങ്ങളെ അറിയിച്ചിട്ടുണ്ട്.'

പിന്നെ, കെട്ടിടത്തിന്റെ നിർമാണം പൂർത്തിയായിക്കഴിഞ്ഞാൽ, ആളുകളോടുള്ള സൽസ്വഭാവവും ദയയും കൊണ്ട് അതിനെ വെള്ളപൂശുക. തുടർന്ന് ഒരു ശത്രുവിനും അത് തകർക്കാൻ കഴിയാത്ത വിധത്തിൽ, ഒരു പോരായ്മയും വെളിപ്പെടാതിരിക്കാൻ ജാഗ്രതയുടെ ഒരു മതിൽ കൊണ്ട് അതിന് ചുറ്റുമതിൽ നിർമിക്കുക..

പിന്നെ അതിന്റെ വാതിലുകളിൽ കർട്ടനുകൾ തൂക്കിയിടുക; നിങ്ങൾ ഭയപ്പെടുന്ന കാര്യങ്ങളെക്കുറിച്ച് നിശ്ശബ്ദത പാലിച്ചുകൊണ്ട് പ്രധാന വാതിൽ അടയ്ക്കുക. പിന്നെ അതിന് അല്ലാഹുവിന്റെ സ്മരണയുടെ ഒരു താക്കോൽ സ്ഥാപിക്കുക. അത് ഉപയോഗിച്ച് നിങ്ങൾ അത് തുറക്കുകയും അടയ്ക്കുകയും ചെയ്യുക. നിങ്ങൾ അത് തുറന്നാൽ, ആ താക്കോൽ ഉപയോഗിച്ചാണ് തുറന്നത്; നിങ്ങൾ വാതിൽ അടച്ചാൽ, അത് ഉപയോഗിച്ചാണ് അടച്ചത്. അങ്ങനെ, നിങ്ങളുടെ ശത്രുക്കൾക്കെതിരെ നിങ്ങൾക്ക് പ്രതിരോധം സ്ഥാപിക്കാനുള്ള ഒരു കോട്ട പണിതുകഴിഞ്ഞു. ശത്രു അതിനെ വളഞ്ഞാൽ, അവർക്ക് പ്രവേശനത്തിന് ഒരു വഴിയും കണ്ടെത്താനാവുകയില്ല. നിങ്ങളെ തൊട്ട് അവർ നിരാശരാവുക മാത്രമായിരിക്കും ഫലം.

പിന്നെ ഓരോ നിമിഷവും കോട്ടയുടെ ഘടന പരിശോധിച്ചുകൊണ്ടിരിക്കുക. കാരണം, ശത്രു കവാടത്തിലൂടെ പ്രവേശിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ, പാപങ്ങളുടെ മഴുകൾ ഉപയോഗിച്ച് അവൻ ദൂരെനിന്ന് നിങ്ങളെ തകർക്കാൻ കുഴികൾ കുഴിക്കും. ഈ കാര്യം നിങ്ങൾ അവഗണിച്ചാൽ, ആ കുഴി നീണ്ടുവന്ന് നിങ്ങളിലേക്ക് എത്തും. അപ്പോൾ ശത്രു നിങ്ങളോടൊപ്പം കോട്ടയ്ക്കു

ള്ളിൽ എത്തിയേക്കും. ആ ഘട്ടത്തിൽ അവനെ പുറത്താക്കാൻ നിങ്ങൾക്ക് ബുദ്ധിമുട്ടായിരിക്കും.

മൂന്ന് സാഹചര്യങ്ങളിൽ ഒന്നിൽ നിങ്ങൾ അവനുമായി ഏറ്റുമുട്ടേണ്ടിവരും: ഒന്നുകിൽ അവൻ നിങ്ങളെ പരാജയപ്പെടുത്തി കോട്ട പിടിച്ചെടുക്കും; അല്ലെങ്കിൽ അവൻ നിങ്ങളോടൊപ്പം അതിൽ വസിക്കും. അതുമല്ലെങ്കിൽ നിങ്ങളുടെ താൽപര്യങ്ങൾ ശരിയായ രൂപത്തിൽ പരിപാലിക്കുന്നതിനു പകരം, അവനെ എതിർത്ത് തോൽപിക്കുന്നതിലേക്ക് അവൻ നിങ്ങളുടെ ശ്രദ്ധതിരിക്കും. കോട്ടയുടെ ദ്വാരങ്ങൾ അടയ്ക്കാനും കുഴപ്പങ്ങൾ പരിഹരിക്കാനുമാണ് പിന്നെ നിങ്ങൾ ശ്രമിക്കുക.

അവൻ കുഴിക്കുന്ന ആ കുഴി നിങ്ങളിൽ എത്തിക്കഴിഞ്ഞാൽ, നിങ്ങൾക്ക് അവനിൽനിന്ന് മൂന്ന് ദുരന്തങ്ങൾ നേരിടേണ്ടിവരും: (1) കോട്ടയെ കുഴപ്പത്തിലാക്കൽ. (2) അതിലെ സംഭരണശാലകളും നിധികളും കൊള്ളയടിക്കൽ. (2) അവന്റെ വർഗത്തിൽ പെട്ട സമാനമായ കള്ളന്മാർക്കും കൊള്ളക്കാർക്കും അതിന്റെ ദുർബലതകളെക്കുറിച്ച് സൂചന നൽകൽ.

അങ്ങനെ, നിങ്ങളുടെ ശക്തിയെ ദുർബലപ്പെടുത്തുകയും നിങ്ങളുടെ ദൃഢനിശ്ചയത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നതുവരെ ഒന്നിനുപുറകെ ഒന്നായി ആക്രമണങ്ങൾ നിങ്ങളെ നിരന്തരം ബാധിച്ചു കൊണ്ടിരിക്കും. അത് നിങ്ങളെ കോട്ട ഉപേക്ഷിച്ച് അവർക്ക് വിട്ടുകൊടുക്കുന്നതിലേക്ക് നയിക്കും.

ഈ ശത്രുവിനോടൊപ്പമുള്ള മിക്ക ആളുകളുടെയും അവസ്ഥ ഇതാണ്. അതുകൊണ്ടാണ് അവർ സ്വന്തം താൽപര്യങ്ങൾക്ക് വേണ്ടി, അതല്ലെങ്കിൽ തങ്ങൾക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാൻ കഴിവില്ലാത്ത തങ്ങളെപ്പോലുള്ള ഒരു സൃഷ്ടിയെ പ്രീതിപ്പെടുത്താൻ വേണ്ടി, തങ്ങളുടെ നാഥനെ കോപിപ്പിക്കുന്നതായി നിങ്ങൾ കാണുന്നത്.

നശ്വരമായ ഈ ലോകത്തെ സാമ്പത്തിക നേട്ടങ്ങൾക്കായി അവർ മതപരമായ നേട്ടങ്ങൾ പാഴാക്കുന്നു. തങ്ങളുടെതായി നിലനിൽക്കാത്ത കാര്യങ്ങൾക്കായി അവർ സ്വയം നശിപ്പിക്കുന്നു. തങ്ങൾക്ക് നേരെ പുറം തിരിഞ്ഞു നിന്ന ഈ ലോകത്തിനായി അവർ അത്യധികം ആഗ്രഹിക്കുന്നു. അതേസമയം തങ്ങളി ലേക്ക് സമീപസ്ഥമായിക്കൊണ്ടിരിക്കുന്ന പരലോകത്തോട് അവർ നിസ്സംഗത പുലർത്തുന്നു.

തന്നിഷ്ടങ്ങളെ പിന്തുടർന്നുകൊണ്ട് അവർ തങ്ങളുടെ നാഥനോട് എതിര് പ്രവർത്തിക്കുകയാണ് ചെയ്യുന്നത്; മരണത്തെ മറന്നുകൊണ്ട് അവർ ജീവിതത്തെ ആശ്രയിക്കുകയും ചെയ്യുന്നു. അല്ലാഹു അവരെ ഏൽപിച്ച കരാർ മറന്നുകൊണ്ട് അവർ തന്നിഷ്ടങ്ങളെയും സ്വാർഥ താൽപര്യങ്ങളെയും ഓർമിക്കുന്നു.

അല്ലാഹു അവർക്ക് ഉറപ്പുനൽകിയ കാര്യങ്ങളിലാണ് അവർ ആശങ്കാകുലരാകുന്നത്. (ഉദാ: ഭൗതികമായ വിഭവങ്ങളും ഉപജീവനവും). എന്നാൽ അല്ലാഹു അവരോട് കൽപിച്ച കാര്യങ്ങളിൽ അവർ ശ്രദ്ധ ചെലു ത്തുന്നില്ല. അവർ ഈ ദുനിയാവുകൊണ്ട് സന്തുഷ്ടരാവുകയും അതിൽനിന്നുള്ള ഓഹരി നഷ്ടപ്പെട്ടതിൽ ദുഃഖിക്കുകയും ചെയ്യുന്നു. പക്ഷേ, സ്വർഗവും അതിലുള്ളതും നഷ്ടപ്പെട്ടതിൽ ദുഃഖിക്കുന്നില്ല.

ദിർഹമോ ദിനാറോ ലഭിച്ചാൽ സന്തോഷിക്കുന്നതുപോലെ അവർ ഈമാനിന്റെ വിഷയത്തിൽ സന്തോഷിക്കുന്നില്ല; അവർ തങ്ങളുടെ കൈവശമുള്ള സത്യത്തെ അസത്യം കൊണ്ടും സന്മാർഗത്തെ ദുർമാർഗം കൊണ്ടും നന്മയെ തിന്മകൊണ്ടും ദുഷിപ്പിക്കുന്നു. തങ്ങളുടെ വിശ്വാസത്തെ അനാവശ്യമായ സംശയങ്ങൾ കൊണ്ട് അവർ കളങ്കപ്പെടുത്തുന്നു; അനുവദനീയമായതിനെ നിഷിദ്ധവുമായി കൂട്ടിക്കലർത്തുന്നു. അവരുടെ അഭിപ്രായങ്ങളുടെയും ചിന്തകളുടെയും ആശയക്കുഴപ്പത്തിൽ അവർ അന്ധാളിച്ചു നിൽക്കുന്നു. അങ്ങനെ അല്ലാഹു അവർക്ക് നൽകിയ സന്മാർഗം അവർ വേണ്ടെന്നു വയ്ക്കുന്നു.

ഈ ശത്രു കോട്ടയുടെ യജമാനനെക്കൊണ്ടുതന്നെ സ്വന്തം കൈകളാൽ തന്റെ കോട്ട നശിപ്പിക്കാൻ ഉപയോഗിക്കുന്നത് അത്ഭുതകരമാണ്.

*(ഇമാം ഇബ്നുൽ ഖയ്യിമിന്റെ 'അൽഫവാഇദ്' എന്ന ഗ്രന്ഥത്തിൽനിന്നുള്ള ഒരു ഭാഗത്തിന്റെ ആശയ വിവർത്തനം)*





# കിടപ്പിലായവരുടെ കഷ്ടപ്പാടറിയുക

സലാം സുറുമ എടത്തനാട്ടുകര

9447364751

'മുമ്പൊക്കെ സമയത്തിന് റോക്കറ്റിന്റെ വേഗതയായിരുന്നു. ഇപ്പോൾ ഒച്ചിഴയുന്ന പോലെയാ സമയം എനിക്ക് അനുഭവപ്പെടുന്നത്'-ഇരുചക്ര വാഹന യാത്രക്കിടയിൽ വീണ് നട്ടെല്ലിനു പരിക്കുപറ്റി കിടപ്പിലായ സഹപാഠിയെ സന്ദർശിക്കാൻ ചെന്നപ്പോൾ അവൻ നിരാശയോടെ പറഞ്ഞ വാചകങ്ങളാണിത്.

ആദ്യമൊക്കെ സുഹൃത്തിന് സന്ദർശകരുടെ പ്രവാഹമായിരുന്നു. ബന്ധുക്കളുടെയും സുഹൃത്തു ക്കളുടെയും നാട്ടുകാരുടെയും സന്ദർശനത്താലും ഫോൺ വിളികളാലും ശരിക്ക് ഉറങ്ങാൻപോലും സമയം കിട്ടിയിരുന്നില്ല. പിന്നെപ്പിന്നെ സന്ദർശകരുടെ എണ്ണം കുറഞ്ഞുവന്നു. ബന്ധുക്കൾ പോലും വല്ലപ്പോഴും വന്നാലായി. മാസം നാലായി ഈ കിടപ്പ് തുടങ്ങിയിട്ട്. ഇനിയും രണ്ട് മാസം കൂടി തള്ളി നീക്കേണ്ടതുണ്ട്.

'വരുന്നവർ പണമൊന്നും തന്ന് സഹായിക്കേണ്ട. വെറുതെ ഒന്ന് വന്നാൽ മതി. വല്ലതുമൊക്കെ മിണ്ടിയും പറഞ്ഞുമിരിക്കാൻ വലിയ ആഗ്രഹമാണിപ്പോൾ. ടിവിയും സോഷ്യൽ മീഡിയയും ദിവസങ്ങൾ കൊണ്ട് തന്നെ മടുത്തു. എത്ര സമയം എന്നുവെച്ചാ ഫാനും നോക്കി കിടക്കുക...?' നിരാശയും സങ്കടവും കലർന്ന വാചകങ്ങൾ പിന്നെയും അവനിൽനിന്നും പുറത്തേക്ക് വന്നു.

ആറു മാസം പൂർണമായും ബെഡ്റെസ്റ്റ് നിർദേശിക്കപ്പെട്ട ഒരു യുവാവിന്റെ അവസ്ഥ ഇതാണെങ്കിൽ കട്ടിലിൽ തളച്ചിടപ്പെട്ട നിത്യരോഗികളുടെയും പ്രായം ചെന്നവരുടെയും അംഗവൈകല്യംകൊണ്ടും മറ്റും ജന്മനാതന്നെ കിടപ്പിലായവരുടെയും അവസ്ഥ എന്തായിരിക്കുമെന്ന്, വായിക്കാനായി അവന് ഒന്ന് രണ്ട് നല്ല പുസ്തകങ്ങൾ കൈമാറി തിരിച്ചിറങ്ങുമ്പോൾ ഞാൻ ആലോചിച്ചു. മനസ്സ് എത്തുന്നിടത്ത് ശരീരത്തിനും എത്താൻ തക്ക ആരോഗ്യമുള്ളവർ തന്നെയാണ് പലപ്പോഴും പെട്ടെന്ന് ശയ്യാവലംബികളായി മാറുന്നത്.

അവരുടെ സ്വപ്നങ്ങൾക്കും മോഹങ്ങൾക്കും മങ്ങലേൽക്കുന്നു. മരണം തൊട്ടരികിലുണ്ടെന്ന തിരിച്ചറിവിൽ ജീവിതം തള്ളിനീക്കുന്ന നിത്യരോഗികൾക്കും പ്രായം ചെന്നവർക്കും അംഗവൈകല്യം കൊണ്ടും മറ്റും ജന്മനാ തന്നെ കിടപ്പിലായവർക്കും നമ്മുടെ ഒരു സന്ദർശനം കൊണ്ട് വലിയ ആശ്വാസം ലഭിക്കുമെങ്കിൽ നാമെന്തിന് മടി കാണിക്കണം? അവർ ആഗ്രഹിക്കുകയും അർഹിക്കുകയും ചെയ്യുന്ന സഹായം ചെയ്തുകൊടുക്കാൻ-അത് ഒരു പക്ഷേ, കേവലം ആശ്വാസവചനങ്ങളായിരിക്കാം- കഴിയുമെങ്കിൽ ചെയ്ത് കൊടുത്ത് സ്രഷ്ടാവിന്റെ പ്രീതി കരസ്ഥമാക്കുവാനാണ് വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്. നന്മ നിറഞ്ഞ മനസ്സുകളുടെ പ്രാർഥന അവർക്ക് വലിയ ആശ്വാസവും ധൈര്യവും പകരും. ഓരോ വിശ്വാസിയും രോഗികളെ സന്ദർശിക്കൽ പുണ്യകർമത്തോടൊപ്പം തന്റെ ബാധ്യതയുമാണെന്ന് തിരിച്ചറിയണം. അവരെ സമീപത്തെ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കുകളുമായി ബന്ധപ്പെടുത്തണം. കിടപ്പിലായ രോഗികളുടെ 'ഹാൻഡിക്രോപ്സ്' പോലുള്ള കൂട്ടായ്മകളിലും വാട്സ്ആപ്പ് ഗ്രൂപ്പുകളിലും അവരെ അംഗങ്ങളാക്കാനും സജീവമായി പ്രവർത്തിക്കാനും പ്രേരിപ്പിക്കണം. സർക്കാരിൽ നിന്നും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവാൻമാരാക്കണം.

സാമ്പത്തികമായി പരാധീനത അനുഭവിക്കുന്ന കുടുംബമാണെങ്കിൽ അവർക്ക് കൈത്താങ്ങേകാൻ മുന്നിട്ടിറങ്ങണം. സർവോപരി ക്ഷമിക്കാനും സഹിക്കാനും അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിക്കാനും ജീവിതം കഴിയുന്നത്ര ഇസ്‌ലാമികമാക്കുവാനും അവരെ ഉപദേശിക്കുക; ഗുണകാംക്ഷയോടെ. ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

## പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
18 April 2026

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

മക്കൾക്ക് വ്യവസ്ഥാപിതമായ
മതപഠനം നൽകാൻ
ആഗ്രഹിക്കുന്നുവോ?

SCHOOL OF Qur'an

# സ്കൂൾ ഓഫ് ഖുർആൻ



**പ്രാദേശിക സെന്ററുകളിലേക്കുള്ള
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

## സവിശേഷതകൾ

- 18 വർഷം നീണ്ടുനിൽക്കുന്ന തുടർച്ചയായ മതപഠനം
- തജ്‌വീദിൽ പരിശീലനം നേടിയ പരിചയസമ്പന്നരായ അധ്യാപകർ
- പഠന പ്രവർത്തനങ്ങൾക്ക് കേന്ദ്രീകൃത മോണിറ്ററിംഗ് സംവിധാനം
- ഹദീസ്, അറബി, അഖീദ, കർമ്മം, സ്വഭാവം, ഇസ്‌ലാമിക ചരിത്രം: നവീനരീതിയിൽ തയ്യാറാക്കിയ പഠന രീതികളും പഠന സാമഗ്രികളും
- രക്ഷിതാക്കൾക്ക് വ്യവസ്ഥാപിതമായ സിലബസ് അനുസരിച്ചുള്ള പാരന്റിങ് ക്ലാസുകളും മൂല്യ നിർണയവും
- വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് ഡെസ്ക് സൗകര്യം
- നൂർ ആപ്പ് : സൗജന്യ ഖുർആൻ മൊബൈൽ ആപ്പ്
- സ്കിൽ ഡെവലപ്മെന്റ് ആക്ടിവിറ്റികളോടെയുള്ള പ്രീസ്കൂൾ പഠനം
- ഖുർആൻ പാരായണം മികവുറ്റതാക്കാൻ അൽഖാഇദത്തുന്നൂറാനിയ്യ കോഴ്സ്
- ഓൺലൈൻ ഫോളോഅപ്പിനായി ട്രാക്കർ ആപ്ലിക്കേഷൻ

- നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- 2,3 ഗ്രേഡിലേക്ക് പ്രവേശന പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ഞായറാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

**അപേക്ഷകർ QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.**

+91 86067 88882 | +91 75940 88003
Head Office: Jamia Al-Hind Al-Islamiyya | Wadi Al Hikma
Jamia Campus | Mini Ootty | Oorakam| Malappuram | Kerala- 676519
www.schoolofquran.in Info@schoolofquran.in